بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 6

ലക്കം 4

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ജനുവരി 28/ഹി.ശം. 1400 സ്വുൽഹ് 28/1442 ജമാദുൽ ആഖർ 14


## അല്ലാഹുവിന്റെ വചനം

اِنَّ الَّذِیۡنَ اٰمَنُوۡا ثُمَّ کَفَرُوۡا ثُمَّ اٰمَنُوۡا ثُمَّ کَفَرُوۡا ثُمَّ ازۡدَادُوۡا کُفۡرًا لَّمۡ یَکُنِ اللّٰہُ لِیَغۡفِرَ لَہُمۡ وَلَا لِیَہۡدِیَہُمۡ سَبِیۡلًا ○(النساء:138)

'വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും പിന്നേയും വിശ്വസിക്കുകയും പിന്നേയും അവിശ്വസിക്കുകയും പിന്നീട് അവിശ്വാസം വർധിക്കുകയും ചെയ്തവരാരോ അല്ലാഹു അവർക്ക് ഒരിക്കലും പൊറുത്തുകൊടുക്കുകയില്ല; അവർക്ക് അവൻ മോക്ഷമാർഗം കാണിച്ചുകൊടുക്കുകയുമില്ല.' (4:138)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

**(1038)** ഹദ്റത്ത് സയ്ദ് ബിൻ ഖാലിദിൽനിന്ന് നിവേദനം. ഹുദയ്ബിയായിൽ വച്ച് രാത്രി മഴ ലഭിച്ചതിനുശേഷമുള്ള ഒരു സ്വു ബ്ഹി നമസ്കാരം ഞങ്ങളേയുമായി നമസ്കരിച്ചു. നമസ്കാരത്തിൽനിന്ന് നബി(സ)തിരുമേനി വിരമിച്ചപ്പോൾ ജനങ്ങളുടെ നേരെ തിരിഞ്ഞുകൊണ്ട് അവിടന്ന് പറഞ്ഞു: 'ഇന്ന് രാത്രി നിങ്ങളുടെ രക്ഷിതാവ് എന്താണ് പ്രസ്താവിച്ചതെന്ന് നിങ്ങൾക്കറിയുമോ?' അവർ പറഞ്ഞു: 'അല്ലാഹുവും അവന്റെ റസൂലുമാണ് ഏറ്റവും അറിവുള്ളത്.' നബി(സ)തിരുമേനി പറഞ്ഞു: 'ഇന്ന് എന്റെ അടിയാന്മാരിൽ ഒരു വിഭാഗം എന്നിൽ വിശ്വസിച്ചതുകൊണ്ടും മറ്റൊരു വിഭാഗം എന്നെ നിഷേധിച്ചുകൊണ്ടും പ്രഭാതത്തിൽ പ്രവേശിക്കും. അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരുണ്യംകൊണ്ടും ഞങ്ങൾക്ക് മഴ ലഭിച്ചുവെന്ന് പറയുന്നവർ എന്നിൽ വിശ്വസിച്ചു. ഞാറ്റുവേലയെ നിഷേധിച്ചു. എന്നാൽ, ഞാറ്റുവേലകൊണ്ട് ഞങ്ങൾക്ക് മഴ ലഭിച്ചുവെന്ന് പറയുന്നവർ എന്നെ നിഷേധിക്കുകയും ഞാറ്റുവേലയിൽ വിശ്വസിക്കുകയും ചെയ്തു.'

**(1039)** ഇബ്നു ഉമർ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'അദൃശ്യകാര്യങ്ങളുടെ താക്കോൽ അഞ്ചു കാര്യങ്ങളാണ്. അല്ലാഹുവിനല്ലാതെ മറ്റാർക്കും അവയെക്കുറിച്ചറിയാൻ കഴിയുകയില്ല. നാളെ എന്തു സംഭവിക്കുമെന്നും സ്ത്രീകളുടെ ഗർഭപാത്രങ്ങളിൽ എന്താണുടലെടുക്കുകയെന്നും താൻ നാളെ എന്താണ് പ്രവർത്തിക്കുകയെന്നും താൻ ഏതു ഭൂമിയിൽവെച്ചാണ് മരണപ്പെടുകയെന്നും ഒരാൾക്കും അറിയാൻ കഴിയുകയില്ല. എപ്പോഴാണ് മഴ വർഷിക്കുകയെന്നും ഒരു മനുഷ്യനും അറിയാൻ കഴിയുകയില്ല.'(സ്വഹീഹ് ബുഖാരി, കിതാബുൽ ഇസ്തിസ്ഖാ, പ്രസാധകർ ഖാദിയാൻ 2006)

## ഈ ലക്കത്തിൽ


ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്വ്ബ ജുമുഅ 2020 ഡിസംബർ 11 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്


**പരസ്പരം സാഹോദര്യവും സ്നേഹവും ഉണ്ടാക്കുക. മൃഗീയതയും ഭിന്നതയും ഉപേക്ഷിക്കുക. എല്ലാ തരത്തിലുള്ള അശ്ലീലങ്ങളിൽനിന്നും പരിഹാസങ്ങളിൽ നിന്നും നിരുപാധികം പിന്മാറുക. കാരണം പരിഹാസം മനുഷ്യന്റെ മനസ്സിനെ സത്യത്തിൽ നിന്നകറ്റി എവിടെനിന്ന് എവിടെയോ കൊണ്ടെത്തിക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**സ്വന്തം ജീവിതത്തിൽ മാറ്റമുണ്ടാക്കുക:**
അല്ലാഹു ഇച്ഛിക്കുന്നത് ചെയ്യുന്നുവെന്നതാണ് യഥാർഥ കാര്യം. ജനശൂന്യമായതിന് ജനവാസമുള്ളതാക്കുന്നു. വലിയ ജനവാസമുള്ളതിനെ ജനശൂന്യമാക്കിത്തീർക്കുന്നു. ബാബിളിനെ എന്താണ് ചെയ്തത്? അവിടെ ജനവാസമുള്ളതാക്കുകയെന്നത് മനുഷ്യന്റെ പദ്ധതിയായിരുന്നു. അവിടെ ജനശൂന്യമാകുകയും മൂങ്ങകളുടെ ആവാസ സ്ഥലമായിത്തീരുകയും ചെയ്തു. മനുഷ്യൻ ജനശൂന്യമുള്ളതാക്കണമെന്ന് ആഗ്രഹിച്ചത് ലോകം മുഴുവനുമുള്ളവരുടെ മടക്കസ്ഥാനമായിത്തീർന്നു. അതിനാൽ നല്ലവണ്ണം ഓർത്തുകൊള്ളുക, അല്ലാഹുവിനെവിട്ട് മരുന്നിലും ഉപായത്തിലും വിശ്വസിക്കുകയെന്നത് വിഡ്ഢിത്തമാണ്. തികച്ചും പുതിയതായ ജീവിതമാണ് വേണ്ടത്. അധികമധികമായി ഇസ്തിഗ്ഫാർ ഉണ്ടാകണം. ആർക്കാണോ അധികമായ ജോലികളുള്ളത് അവർ കൂടുതൽ ഭയക്കേണ്ടതാണ്. തൊഴിലാളികളുടെ നിർബന്ധ കടമകൾ അധികവും മരിച്ചുപോകുന്നു. ചില നേരങ്ങളിൽ ള്വുഹ്റും അസ്വ്റും, മഗ്രിബും ഇശായും ജംആക്കുക എന്നത് അനുവദനീയമാണ്. ഭരണാധികാരികളോടു നമസ്കരിക്കണമെന്നു പറഞ്ഞാൽ അനുവാദം നല്കുമെന്ന് എനിക്കറിയാം. ഉന്നതരായ ഭരണാധികാരികളുടെ കീഴിലുള്ള ഓഫീസർമാർക്ക് അതിന് നിർദേശമുണ്ട്. നമസ്കാരം ഉപേക്ഷിക്കലിൽ അനുചിതമായ ഒഴികഴിവ് സ്വന്തം ശരീരേച്ഛയുടെ അപക്വതയല്ലാതെ മറ്റൊന്നുമല്ല. മനുഷ്യരോടുള്ള കടമകളിലും അല്ലാഹുവിനോടുള്ള കടമകളിലും ദ്രോഹം ചെയ്യാതിരിക്കുക.

**നിങ്ങൾ അല്ലാഹുവിന്റെ പ്രിയപ്പെട്ടവരിൽ ചേരുക:**
കാലം വളരെ ഗുരുതരമാണ്. അല്ലാഹുവിന്റെ കോപത്തെ എല്ലാവരും ഭയക്കേണ്ടതാണ്. സദാചാരനിരദനായ ദാസന്മാരെയല്ലാതെ അല്ലാഹു ആരേയും വകവെക്കുകയില്ല. പരസ്പരം സാഹോദര്യവും സ്നേഹവും ഉണ്ടാക്കുക. മൃഗീയതയും ഭിന്നതയും ഉപേക്ഷിക്കുക. എല്ലാ തരത്തിലുള്ള അശ്ലീലങ്ങളിൽനിന്നും പരിഹാസങ്ങളിൽനിന്നും നിരുപാധികം പിന്മാറുക. കാരണം പരിഹാസം മനുഷ്യന്റെ മനസ്സിനെ സത്യത്തിൽനിന്നകറ്റി എവിടെനിന്ന് എവിടെയോ കൊണ്ടെത്തിക്കുന്നു. പരസ്പരം ആദരവോടെ പെരുമാറുക. ഓരോരുത്തരും തന്നെക്കാൾ തന്റെ സഹോദരന്റെ സൗഖ്യത്തിന് മുൻഗണന നല്കുക. അല്ലാഹുവുമായി സത്യസന്ധമായൊരു ഐക്യമുണ്ടാക്കുക. അവന്റെ അനുസരണത്തിൽ തിരിച്ചുവരിക. അല്ലാഹുവിന്റെ കോപം ഭൂമിയിൽ ഇറങ്ങിക്കൊണ്ടിരിക്കുന്നു. അതിൽനിന്ന് രക്ഷപ്പെടുന്നവർ പൂർണമായ നിലയിൽ തന്റെ എല്ലാ പാപങ്ങളിൽനിന്നും പശ്ചാത്തപിച്ച് അവന്റെ സന്നിധിയിൽ വരുന്നവരാണ്.'(മൽഫൂദാത്ത് വാല്യം 1, പേജ് 241 - 243, പ്രസാധനം ഖാദിയാൻ 2018)

**തങ്ങളിൽനിന്നുള്ള ഒരാൾക്ക് എങ്ങനെ 'വെളിപാടുണ്ടായി' എന്നതിലായിരുന്നു സത്യനിഷേധികൾക്ക് ആശ്ചര്യം. ഇതേ അവസ്ഥയാണ് ഇക്കാലത്തെ ബഹുഭൂരിഭാഗം മുസ്‌ലിമീങ്ങളുടേയും. ആകാശത്തുനിന്നു ഹദ്റത്ത് ഈസാ തന്നെ വന്ന് തങ്ങളെ നിന്ദ്യതയിൽ നിന്നും അധഃപതനത്തിൽനിന്നും പുറത്തുകൊണ്ടുവരുമെന്ന് അവരും പറയുന്നു. തങ്ങളെ ചികിത്സിക്കാൻ പറ്റിയ ആൾ തങ്ങളിൽനിന്നുണ്ടാകുകയില്ല!**

ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ) സൂറ യൂനുസിലെ നാലാമത്തെ വചനമായ **അകാന ലിന്നാസി അജബൻ അൻ ഔഹയ്നൻ ഇലാ റജുലിൻ മിൻഹും** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:
'തങ്ങളിൽനിന്നുള്ള ഒരാൾക്ക് എങ്ങനെ 'വെളിപാടുണ്ടായി' എന്നതിലായിരുന്നു സത്യനിഷേധികൾക്ക് ആശ്ചര്യം. തങ്ങളിൽനിന്ന് വലിയ ആളുകൾ ഉണ്ടാകുകയില്ലെന്ന ബോധം അധഃപതിച്ച ജനതകളിൽ എപ്പോഴും ഉണ്ടാകാറുണ്ട്. അതായത് സത്യനിഷേധികൾ തങ്ങളുടെ അവസ്ഥ കാരണത്താൽ എത്രമാത്രം നിരാശരായി എന്നാൽ, അവർക്കുള്ള ചികിത്സ അവരുടെ ഉള്ളിൽ ത്തന്നെയുണ്ടെന്ന് അവർക്ക് വിശ്വസിക്കാനെ കഴിഞ്ഞില്ല. അവരെ വർധിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും അവരെ ചികിത്സിക്കുന്നതിനും വെളിയിൽനിന്നാരെങ്കിലും വരണമെന്ന് അവർ വിചാരിച്ചിരുന്നു. ഇതേ അവസ്ഥയാണ് ഇക്കാലത്തെ ബഹുഭൂരിഭാഗം മുസ്‌ലിമീങ്ങളുടേയും. ആകാശത്തുനിന്നു ഹദ്റത്ത് ഈസാതന്നെ വന്ന് തങ്ങളെ നിന്ദ്യതയിൽനിന്നും അധഃപതനത്തിൽനിന്നും പുറത്തുകൊണ്ടുവരുമെന്ന് അവരും പറയുന്നു. തങ്ങളെ ചികിത്സിക്കാൻ പറ്റിയ ആൾ തങ്ങളിൽനിന്നുണ്ടാകുകയില്ല! ഇക്കാര്യത്തിൽ അവർക്ക് ആദ്യത്തെ ജനതകളുമായി എത്രമാത്രം സാദൃശ്യമാണ് കരസ്ഥമായിട്ടുള്ളത്. അതേ നിരാശയും അതേ ചികിത്സാ രീതിയും!
ജനതയുടെ അഭിവൃദ്ധിക്ക് അവർ ഒന്നുകിൽ പ്രതീക്ഷ തന്നെ വെച്ചിരുന്നില്ല അല്ലെങ്കിൽ പുറമെനിന്നുള്ള ചികിത്സകൂടാതെ ഒന്നും നടക്കുകയില്ലെന്ന് മനസ്സിലാക്കിയിരുന്നു. താൻതന്നെ നിങ്ങളെ ചികിത്സിക്കുമെന്നും അഭിവൃദ്ധിയിലേക്ക് കൊണ്ടുപോകുമെന്നും അവരിൽനിന്നുള്ള അവരുടെ സഹോദരൻ വാദിച്ചപ്പോൾ അവരുടെ ആശ്ചര്യത്തിന് അതിരുണ്ടായിരുന്നില്ല. നടക്കാത്ത കാര്യം നടത്തുമെന്ന് അവനെന്തിനാണ് വാദിച്ചതെന്നോർത്ത് അവർ അത്ഭുതപ്പെട്ടുപോയി.
അവരുടെ അത്ഭുതത്തിന് നിദാനമായ രണ്ടാമത്തെ കാര്യം ഇതായിരുന്നു. ആളുകളെ ജാഗ്രതപ്പെടുത്തുന്നതിനു തനിക്ക് കല്പന നല്കപ്പെട്ടിരിക്കുന്നു എന്ന വാദമായിരുന്നു ആ വാദിയുടേത്. അതായത് ചില പഴയകാര്യങ്ങൾ ഉപേക്ഷിക്കുക. ചില പുതിയ കാര്യങ്ങൾ സ്വീകരിക്കുക. നില

(ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا اِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഉ**

**'നൂറുൽഹഖ്' എന്ന ഗ്രന്ഥത്തിന് തത്തുല്യമായ ഗ്രന്ഥം കൊണ്ടുവന്നാൽ പാതിരി യിമാദുദ്ദീന് 5000 രൂപ ഇനാം.**

പാതിരി യിമാദുദ്ദീൻ ജങ്കെ മുഖദ്ദസിൽ(പാതിരി അബ്ദുല്ലാ ആഥിമും ഹദ്റത്ത് അഹ്മദും(അ) തമ്മിൽ നടന്ന വാദപ്രതിവാദം) ഉണ്ടായ ക്രൈസ്തവ മതത്തിന്റെ പരാജയത്തിന്റെ ദേഷ്യം തീർക്കുന്നതിനുവേണ്ടി 'തൗസീനുൽ അഖ്‌വാൽ' എന്ന ഗ്രന്ഥം എഴുതിയതിനെ സംബന്ധിച്ച് കഴിഞ്ഞ ലക്കങ്ങളിൽ ഞങ്ങൾ പറഞ്ഞിരുന്നു. ഇതിൽ അയാൾ നബി(സ)തിരുമേനിയെ ചീത്ത പറഞ്ഞു. വിശുദ്ധ ഖുർആനിന്റെമേൽ ആക്ഷേപം ഉന്നയിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) സർക്കാറിന്റെ ശത്രുവാണെന്നും സർക്കാറിന്നെതിരെ പോരാടുന്ന ആളാണെന്നും പറഞ്ഞു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ബ്രിട്ടീഷ് ഇന്ത്യയിൽ ധാരാളം പാതിരിമാരുടെ രാവും പകലുമുള്ള തൊഴിൽ നമ്മുടെ നബിയും യജമാനുരുമായ നബി(സ)തിരുമേനിയെ ചീത്ത പറഞ്ഞുകൊണ്ടിരിക്കുക എന്നതാണ്. തെറി പറയുന്നതിൽ പാതിരി യിമാദുദ്ദീൻ അമൃതസരിയുടെ നമ്പരാണ് മുൻപന്തിയിൽ.' ഇതു സംബന്ധമായി ഞങ്ങൾ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉപദേശനിർദേശങ്ങൾ അവതരിപ്പിക്കുകയാണ്; ഇസ്‌ലാംമതം ഉപേക്ഷിച്ച് പാതിരിമാരായവർ ഇസ്‌ലാമിനേയും ഇസ്‌ലാംമത സ്ഥാപകരേയും അസംഭ്യങ്ങൾ പറയുന്നതെന്തിനാണ്?

**ഇസ്‌ലാംമതം ഉപേക്ഷിച്ച് പാതിരിമാരായവർ അവർക്കു യോജിച്ച പ്രവൃത്തിയാണ് ചെയ്യേണ്ടത്:**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) അത്ഭുതം പ്രകടിപ്പിച്ചുകൊണ്ട് പറയുന്നു: 'അല്ലാഹുവിന്റെ പരിശുദ്ധ ദാസരേയും തിരഞ്ഞെടുക്കപ്പെട്ടവരേയും ചീത്ത പറയുന്നതിന് അവരെ മാറ്റി നിറുത്തിയിരിക്കുന്നതെന്തിനാണ്. അവരെപ്പോഴും വ്യാപൃതരായിരിക്കുന്നതിനും അവരിൽനിന്ന് ഇത്തരം വൃത്തികെട്ട പണികൾ ഉണ്ടാകാതിരിക്കുന്നതിനും അവരിലോരോരുത്തർക്കും അവർക്കു ചേർന്ന വിധത്തിലുള്ള ഏതെങ്കിലും ജോലി കൊടുക്കേണ്ടതാണ്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) അങ്ങേയറ്റം വിലപിടിച്ച അഭിപ്രായം നല്കിക്കൊണ്ട് പറഞ്ഞു: 'അവരിലെ ഉന്നതരായ വ്യക്തികൾ എന്തുകൊണ്ടാണ് അവരെ വൃത്തികെട്ട പ്രവൃത്തികളിൽനിന്ന് തടയാത്തത്. പാപങ്ങളിലേക്ക് ചുവടു വെക്കുന്നതിനെ എന്തുകൊണ്ടു തടയുന്നില്ല. എന്തിനാണിങ്ങനെ അവരെ വെറുതെ ഇരുത്തിയിരിക്കുന്നത്? കുറച്ചു സേവനങ്ങൾ തീർച്ചയായും അവർക്ക് നിശ്ചയിച്ചുകൊടുക്കേണ്ടതാണ്. അത് സമൂഹത്തിന്റേയും തൊഴിലിന്റേയും അടിസ്ഥാനത്തിൽ അവർക്ക് ചേർന്നതായിരിക്കണം. മരപ്പണിക്കാരന് അതനുസരിച്ച ജോലി നല്കുക. തടി കടഞ്ഞെടുക്കുന്നതിന് നല്ല ഉറപ്പുള്ള ഉപകരണങ്ങൾ നല്കുക. ക്ഷുരകന് ക്ഷൗരക്കത്തിയും എണ്ണ വില്പനക്കാരന് വലിയ കന്നാസും ഉണ്ടാകുകയും എല്ലാ ഓരോരുത്തരും അവരവർക്ക് യോജിച്ച ജോലിയിൽ വ്യാപൃതരാവുകയും ഈ സംവിധാനംകൊണ്ട് അവരിലോരോരുത്തരും അനാവശ്യവും നിരർഥവും പാപപങ്കിലുമായ കാര്യങ്ങളിൽനിന്ന് പിന്തിരിയുകയുമാണെങ്കിൽ ദൈവത്തിന്റെ സൃഷ്ടികൾക്കും ദൈവദാസർക്കും അവരുടെ ദ്രോഹപ്രവൃത്തികളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും സൗഖ്യം കരസ്ഥമാകുകയും ചെയ്യും. ഇത്തരം സംവിധാനങ്ങളിലൂടെ അവരിലെ ഒരുപാട് നഷ്ടം വഹിച്ചു കഴിഞ്ഞിട്ടുള്ള ഉയർന്ന വ്യക്തികൾക്കും ഒരുപാട് ഫലമുണ്ടാകുന്നതായിരിക്കും.' (നൂറുൽഹഖ്, റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 50)

**ഒരു മുസ്‌ലിം ക്രിസ്ത്യാനിയാകുന്നതെങ്ങനെ?**

ദീനിപരമായ ജ്ഞാനം നല്ലവണ്ണം കരസ്ഥമാക്കിയിട്ടുള്ളവരും എഴുത്തും വായനയും അറിയുന്നവരുമായ മുസ്‌ലിം ഉന്നതവും ഉദാത്തവും ഏറ്റവും സമ്പന്നവുമായ ഇസ്‌ലാംമതത്തെ ഉപേക്ഷിച്ച് എങ്ങനെയാണ് ക്രിസ്ത്യാനിയാകുന്നത്? അതു കാണുമ്പോൾ നമുക്ക് അത്ഭുതം തോന്നുന്നു. അവിടെ അയാൾക്ക് ഏകദൈവവിശ്വാസം ഉപേക്ഷിച്ച് ത്രിയേകത്വവിശ്വാസം സമ്മതിക്കുകയും ഒരു മനുഷ്യനെ ദൈവമാക്കുകയും ചെയ്യേണ്ടിവരുന്നു. അൽഅജബ് ഥുമ്മൽ അജബ്. അതിനെ തുടർന്ന് നബി(സ)തിരുമേനിയെപ്പോലുള്ള പരിശുദ്ധ നബിയെ ചീത്തകൾ വിളിക്കുകയും വിശുദ്ധ ഖുർആനെപ്പോലുള്ള പരിശുദ്ധ ഗ്രന്ഥത്തിനുമേൽ ആക്രമണം നടത്തേണ്ടിയും വരുന്നു. അവയെ അയാൾ ആദ്യമെ തന്റെ അംഗീകൃത നേതാവായി വിശ്വസിച്ചു കഴിഞ്ഞതാണ്. അഹോ കഷ്ടം! സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യത്തിലും വളരെ നല്ലവണ്ണം വെളിച്ചം വീശുകയും ഇസ്‌ലാംമതമുപേക്ഷിച്ച് അവസാനം ക്രിസ്ത്യൻ പള്ളികളിലും പാതിരിമാരുടെ അഭയത്തിലും എന്തിനു പോയി വീഴുന്നു എന്നതിനെ സംബന്ധിച്ചും നല്ലവണ്ണം വിവരിക്കുകയും ചെയ്തിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അങ്ങേയറ്റം ആസ്വാദ്യകരവും ആനന്ദഭരിതവുമായ ആ സാരോപദേശങ്ങൾ അവതരിപ്പിക്കാൻ ഞങ്ങളാഗ്രഹിക്കുന്നു. പക്ഷേ, അതിനുമുമ്പേ ഒരു മുസ്‌ലിം ക്രിസ്ത്യാനിയാകുന്നതെങ്ങനെ എന്ന് ഞങ്ങൾ പറയാനാഗ്രഹിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മുസ്‌ലിമായതിനുശേഷം ക്രിസ്ത്യാനിയാകാനാഗ്രഹിക്കുന്നവന്റെ ഉദാഹരണം അമ്മയുടെ വയറ്റിൽനിന്ന് പിറവിയെടുക്കുകയും പ്രായപൂർത്തിയാവുകയും ചെയ്തതിനുശേഷം വീണ്ടും അമ്മയുടെ വയറ്റിൽ പോകണമെന്നാഗ്രഹിക്കുന്നവന്റേതാണ്; ആദ്യമുണ്ടായിരുന്ന ബീജംതന്നെയായിത്തീരുക.'(ചശ്മയെ മ സീഹി, റൂഹാനീ ഖസാഇൻ, വാള്യം 20, പേജ് 344)

**ഇസ്‌ലാംമതം ഉപേക്ഷിക്കുന്നതിന്റെ കാരണം ഭൗതികതയോടുള്ള അത്യാർത്തിയും സ്വാദിഷ്ടമായ ഭക്ഷണത്തോടും മദ്യത്തോടുമുള്ള അത്യാഗ്രഹവും**

മുസ്‌ലിം ഉലമാ ക്രൈസ്തവമതം സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്തിന്? ഇതിലേക്ക് വെളിച്ചം വീശിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ക്രൈസ്തവ മതത്തിൽ പ്രവേശിച്ചിട്ടുള്ളവരും ഇസ്‌ലാം മതത്തേയും നബി(സ) തിരുമേനിയേയും ഉപേക്ഷിച്ചിട്ടുള്ളവരും ഇംഗ്ലീഷ് സർക്കാറിന് എന്തെങ്കിലും സേവനം ചെയ്യുന്നതായിട്ടോ അല്ലെങ്കിൽ ആത്മാർഥതയുള്ളവരായിട്ടോ നാം കണ്ടിട്ടില്ല. പ്രത്യുത മനസ്സിലുള്ളതിന് വിരുദ്ധം പ്രകടിപ്പിക്കുന്നവരും കപടജീവിതം നയിക്കുന്നവരുമായിട്ടാണ് നമ്മൾ അവരെ കാണുന്നത്. ഭൂരിഭാഗമാളുകളും ക്രൈസ്തമതത്തിൽ പ്രവേശിച്ചിട്ടുള്ളത് വിശപ്പിനുള്ള ചികിത്സ നടത്താനും തങ്ങളുടെ അത്യാർത്തിയുടെ പാത്രങ്ങൾ നിറയ്ക്കാനുമാണ്. ഏതെങ്കിലും ഒരു പ്രഭാതത്തിൽ ഇവർ ചിന്നിച്ചിതറിപ്പോകുന്നതായിരിക്കും. മേച്ചിൽസ്ഥലങ്ങളിൽനിന്ന് പുറത്താക്കപ്പെടുന്നതും ആളുകൾ പെട്ടെന്ന് തിരിയുന്നതും കാണുമ്പോൾ അത് അവരെ അത്ഭുതത്തിലിടുന്നതായിരിക്കും. നാം അവരെ വർഷങ്ങളായി കണ്ടുകൊണ്ടിരിക്കുന്നതാണ്. അവർ തങ്ങളുടെ മതപരമായ വാക്യങ്ങളും പ്രതിജ്ഞകളും ലംഘിക്കാൻ തയ്യാറായിരിക്കുകയാണ്. നാം അവരിൽ ഒരു സൽഗുണവും കാണുന്നില്ല. അവർ മദ്യപരും പാത്രങ്ങളിൽ നിറച്ചുവെച്ചിട്ടുള്ള ആസ്വാദ്യകരമായ ഭക്ഷണത്തിന്റെ പ്രേമികളും കാക്കയെപ്പോലെ ശവത്തിന്റെ കൂട്ടുകാരുമാണ്. നമുക്ക് അവരെ അറിയാം. ഭൗതികമായ അനുഗ്രഹങ്ങൾ അവരെ വഴിതെറ്റിച്ചു കളഞ്ഞു. അടുത്തുതന്നെ അവരിൽ എത്രകണ്ട് ആത്മാർഥരായവരുണ്ടെന്ന് ഇംഗ്ലീഷു സർക്കാർ അറിയും. അല്ലാഹുവാണ! നാം നമ്മുടെ കണ്ണുകൊണ്ട് കാണുകയാണ്. അവരിൽ അധികമാളുകളും മാനസ്സികമായ ബുദ്ധിമുട്ടുകളും കടത്തിന്റെ ഭാരവും വയറിന്റേയും വസ്ത്രമില്ലായ്മയുടേയും മനഃസ്താപവും കൊണ്ടാണ് ഇസ്‌ലാമിൽനിന്ന് പുറത്തുപോകുകയും ക്രിസ്തുമതത്തിൽ ചേരുകയും ചെയ്തിട്ടുള്ളത്. മുസ്‌ലിമീങ്ങൾ അവരുടെ അത്യാർത്തിയും അവരുടെ ദുഷ്ടതയും അറിയുന്നവരായിരുന്നു. അവർ അതൊന്നും ഗൗനിച്ചില്ല. അതുകൊണ്ട് ഇക്കൂട്ടർ പാതിരിമാരിലേക്ക് ശ്രദ്ധ തിരിച്ചു. കാരണം ഇവർ അവരുടെ അഭിവൃദ്ധിയുടെ തിളക്കം കാണുകയും അവരുടെ ലോകത്തിന്റെ സൗന്ദര്യവും ധനാധിക്യവും വായിക്കുകയും ചെയ്തു. ഇതിനുപുറമെ അവരെ തങ്ങളുടെ യഥാർഥ ഉദ്ദേശ്യങ്ങളിൽ ഹമുക്കുകളെപ്പോലെ അശ്രദ്ധരായി കണ്ടു. അവർ ക്രിസ്ത്യൻ പള്ളികളെ വിഡ്ഢികളുടെ ഒരു ഭവനമായി മനസ്സിലാക്കി. അങ്ങനെ അവർ അവരിലേക്ക് വഞ്ചിക്കുക എന്നുദ്ദേശ്യത്തോടെ കുനിഞ്ഞു. നമ്മുടെ രാജ്യത്തെ മുസ്‌ലിമീങ്ങൾക്ക് അത്തരം അലസരും മടിയന്മാരുമായവരെ പരിപാലിക്കാൻ കഴിയുമായിരുന്നില്ല. അവരുടെ അശനപാനീയങ്ങളുടേയും വസ്ത്രങ്ങളുടേയും ചെലവുകളുടെ ഉത്തരവാദിത്വം വഹിക്കാൻ കഴിയുമായിരുന്നില്ല. അവരെ ഗർഭിണികളായ സ്ത്രീകളെപ്പോലെ ഒന്നും ചെയ്യാൻ കഴിയാത്തവരായി മനസ്സിലാക്കി ഒഴിച്ചുവിട്ടു. അവരുടെ എല്ലാ ചെലവും സ്വന്തം ചുമതലയായി ഏറ്റെടുക്കാൻ കഴിഞ്ഞിരുന്നില്ല. അവരെ കേവലം അശനപാനീയങ്ങൾക്കുവേണ്ടി മാത്രം ഒഴിച്ചുവിട്ടു. കാരണം മുസ്‌ലിമീങ്ങൾ വെറുമൊരു ദുർബലരും ദരിദ്രരുമായ ജനതയാണ്. അവർക്ക് തങ്ങളുടെ ധനത്തിൽ മറ്റുള്ളവരെ സഹായിക്കാൻ പറ്റിയ വിധത്തിൽ ധനം മാറ്റിവെക്കാനുണ്ടായിരുന്നില്ല. അപ്പോൾപ്പിന്നെ എവിടെനിന്ന് എങ്ങനെയാണ് നിസാരമായ കഴിവുപോലുമില്ലാത്തതായ ആളുകളുടെ പാത്രം നിറയ്ക്കുക. പിന്നീട് മുസ്‌ലിമീങ്ങൾക്ക് സ്വന്തമാളുകളുടെ ഭാരം വഹിക്കാൻ

(ശേഷം പേജ് 12ൽ)

## ഖുത്ബ ജുമുഅ

ഹദ്റത്ത് ജിബ്രീൽ(അ),നബി(സ)തിരുമേനിയോടു അലിയെ കുറിച്ച് പുകഴ്ത്തി പറഞ്ഞപ്പോൾ അവിടന്ന്(സ)പറഞ്ഞു: അലി എന്നിൽനിന്നാണ്, ഞാൻ അലിയിൽനിന്നുമാണ്. അപ്പോൾ ജിബ്രീൽ(അ) പറഞ്ഞു: 'ഞാൻ നിങ്ങളിരുവരിൽനിന്നുമാണ്.'

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫറാശിദും ജാമാതാവുമായ അബൂതുറാബ് ഹദ്റത്ത് അലിയ്യുൽമുർത്തളാ(റ)യുടെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

ഇന്ന് ഞാൻ ഇസ്‌ലാമിന്റെ ശ്യാമള പതാക, അല്ലാഹുവും അവന്റെ റസൂലും മുസ്‌ലിമീങ്ങളും സ്നേഹിക്കുന്ന വ്യക്തിയെ ഏൽപ്പിക്കുന്നതാണ്.

ഈ കോട്ട അദ്ദേഹത്തിന്റെ കൈകളാൽ കീഴ്പ്പെടുത്തുന്നത് വിധിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ അടുത്ത ദിവസം രാവിലെ നബി(സ)തിരുമേനി ഹദ്റത്ത് അലിയെ വിളിച്ച് അദ്ദേഹത്തിന് പതാകഏൽപ്പിച്ചു കൊടുത്തു. അദ്ദേഹം സ്വഹാബാക്കളുടെ സൈന്യവുമായി കോട്ടയെ ആക്രമിച്ചു. യഹൂദികൾ കോട്ടയ്ക്കകത്തായിരുന്നിട്ടുകൂടി അല്ലാഹു ഹദ്റത്ത് അലിക്കും മറ്റു സ്വഹാബാക്കൾക്കും വൈകുന്നേരത്തിനു മുമ്പേതന്നെ കോട്ട കീഴ്പ്പെടുത്താനുള്ള ശക്തിയും തൗഫീഖും പ്രദാനം ചെയ്തു.

ഹിജ്റ ഒമ്പതാം വർഷം റജബ് മാസത്തിൽ നടന്ന തബൂക്ക് യുദ്ധാവസരത്തിൽ നബി(സ)തിരുമേനി മദീനയിൽനിന്ന് പുറപ്പെട്ടപ്പോൾ ഹദ്റത്ത് അലിയെ മദീനയിൽ തന്റെ പ്രതിനിധിയായി നിശ്ചയിച്ചു.

റബ്‌വയിലെ മുഹമ്മദ് അബ്ദുല്ലാഹ് സാഹിബിന്റെ മകൻ റശീദ് അഹ്മദ് സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ജനാസഗാഇബും

**ഖുത്ബ ജുമുഅ 2020 ഡിസംബർ 11/1399 നുബുവ്വത്ത് 11**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് അലി(റ)യെ സംബന്ധിച്ച വിവരണമാണ് നടന്നുവരുന്നത്. ഇനി ഏതാനും ഖുത്ബകൾകൂടി തുടരുന്നതാണ്. ഇൻശാ അല്ലാഹ്.

ഉഹുദ് യുദ്ധാവസരത്തിൽ ഇബ്നു ഖമിയ്യ, ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിനെ ശഹീദാക്കിയപ്പോൾ നബി(സ)തിരുമേനി ശഹീദാക്കപ്പെട്ടുവെന്നാണ് ആളുകൾ കരുതിയത്. അങ്ങനെ അയാൾ ഖുറയ്ശികളിലേക്ക് തിരിയാനും താൻ മുഹമ്മദ്(സ)നെ വധിച്ചുവെന്ന് പറയാനും തുടങ്ങി. ഹദ്റത്ത് മുസ്അബ്(റ) ശഹീദാക്കപ്പെട്ടപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് അലിയെ പതാക, ഏൽപ്പിച്ചു. തുടർന്ന് അലിയും മറ്റു മുസ്‌ലിമീങ്ങളും പോരാടാൻ തുടങ്ങി.'(അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി ഹിശാം, പേജ് 529, ഗസ്‌വയെ ഉഹുദ്, മഖ്ത്തൽ മുസ്അബ് ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ 2001)

ഒരു നിവേദനത്തിൽ വരുന്നു, ഉഹുദ് യുദ്ധാവസരത്തിൽ, മുശ്‌രിക്കീങ്ങളുടെ ധ്വജവാഹകൻ ത്വൽഹ ബിൻ അബൂത്വൽഹ, ഹദ്റത്ത് അലിയെ വെല്ലുവിളിച്ചു. ഹദ്റത്ത് അലി അയാളെ വെട്ടിയതോടുകൂടി അയാൾ നിലത്തുവീണ് പിടയ്ക്കാൻ തുടങ്ങി. നിഷേധികളുടെ പതാക വാഹകരെ ഹദ്റത്ത് അലി(റ) ഒന്നൊന്നായി വാളിന്നിരയാക്കി. നബി(സ)തിരുമേനി നിഷേധികളുടെ ഈ സംഘത്തെ കണ്ടപ്പോൾ ഹദ്റത്ത് അലിയോട് അവരെ ആക്രമിക്കാൻ നിർദ്ദേശിച്ചു. ഹദ്റത്ത് അലി(റ), അംറ് ബിൻ അബ്ദുല്ലാഹ് ജംഇയെ വധിച്ചു. തുടർന്ന് അവരെല്ലാം ചിതറിപ്പിരിഞ്ഞു. പിന്നെ നബി(സ)തിരുമേനി അടുത്ത സൈന്യത്തെ ആക്രമിക്കാൻ ഹദ്റത്ത് അലിയോടു കല്പിച്ചു. ഹദ്റത്ത് അലി, ശിഅ്ബ ബിൻ മാലിക്കിനെ വധിച്ചു. അപ്പോൾ ഹദ്റത്ത് ജിബ്രീൽ(അ) പറഞ്ഞു: യാ റസൂലല്ലാഹ്! തീർച്ചയായും ഇദ്ദേഹം സഹാനുഭൂതിക്ക് അർഹനാകുന്നു. അതായത് ഹദ്റത്ത് അലിയെ സംബന്ധിച്ചാണ് പറഞ്ഞത്. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അതേ, അലി എന്നിൽനിന്നും ഞാൻ അലിയിൽ നിന്നുമാകുന്നു.' ആ സന്ദർഭത്തിൽ ജിബ്രീൽ(അ)പറഞ്ഞു: 'ഞാൻ നിങ്ങളിരുവരിൽ നിന്നുമുള്ളവനുമാകുന്നു.'ശറഹ് അൽഅല്ലാമസ്സുർഖാനീ അലൽ മവാഹിബുല്ലദുന്നിയ, വാള്യം 2, പേജ് 409, ബാബ് ഗസ്‌വയെ ഉഹുദ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1996) (താരീഖു അത്ത്വബ്‌രി, വാള്യം 3, പേജ് 68, ബാബ് ഗസ്‌വയെ ഉഹുദ്, ദാറുൽഫിക്ർ ബെയ്റുത്ത് 2002)

ഹദ്റത്ത് അലി(റ) നിവേദനം. അദ്ദേഹം പറഞ്ഞു: 'ഉഹുദ് യുദ്ധത്തിൽ, നബി(സ)തിരുമേനിയുടെ അടുക്കൽനിന്ന് ജനങ്ങൾ മാറിയപ്പോൾ, ഞാൻ ശുഹദാക്കൾക്കിടയിൽ തിരയാൻ തുടങ്ങി. പക്ഷേ, അവരിലും നബി(സ)തിരുമേനിയെ കണ്ടെത്താൻ കഴിഞ്ഞില്ല. അപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹുവാണ! നബി(സ)തിരുമേനി ഓടിപ്പോകുന്ന ആളല്ല. ഞാൻ നബി(സ)തിരുമേനിയെ ശുഹദാക്കളിലും കണ്ടില്ല. എന്നാൽ, അല്ലാഹു നമ്മോട് നീരസത്തിലാണുള്ളത്. അങ്ങനെ അല്ലാഹുതന്നെ നബിയെ ഉയർത്തിക്കൊണ്ടുപോയിരിക്കുന്നു. അതിനാൽ യുദ്ധം ചെയ്തു വധിക്കപ്പെടുന്നതാണ് എനിക്ക് അഭികാമ്യം. അങ്ങനെ ഞാൻ വാളിന്റെ ഉറ പൊളിക്കുകയും ശത്രുനിരയെ ആക്രമിക്കുകയും ചെയ്തു. അവർ പല ഭാഗത്തേക്കും ചിന്നിച്ചിതറി. അപ്പോൾ ഞാൻ അവർക്കിടയിൽ നബി(സ) തിരുമേനി നിൽക്കുന്നതാണ് കണ്ടത്.(ഉസുദുൽ ഗാബ ലി മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ വാള്യം 4, പേജ് 94, ദിക്ർ അലിയ്യ് ബിൻ അബീ ത്വാലിബ് ദാറുൽഫിക്ർ ബെയ്റുത്ത് 2003)

ഈ സ്നേഹത്തിന്റേയും കൂറിന്റേയും കഥ ചെറുപ്പകാലം മുതൽ ആരംഭിച്ചതാണ്. പിന്നെ എല്ലാ സന്ദർഭത്തിലും അതിന്റെ ജ്യോതിസ് അത് കാണിച്ചുകൊണ്ടിരുന്നു. ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനിക്ക് പരിക്കു പറ്റിയിരുന്നു. ഇതുസംബന്ധിച്ച് ഒരു നിവേദനമുണ്ട്. ഹദ്റത്ത് സഹ്ൽ ബിൻ സഅ്ദിനോട്, നബി(സ)തിരുമേനിയുടെ പരിക്കുകളെ സംബന്ധിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്നോടാണോ അന്വേഷിക്കുന്നത്? എങ്കിൽ അറിയുക, അല്ലാഹുവാണ! ആരാണ് നബി(സ)തിരുമേനിയുടെ മുറിവ് കഴുകിയിരുന്നതെന്ന് എനിക്ക് നല്ല പോലെ അറിയാം. അതായത് ആരാണ് വെള്ളമൊഴിച്ചിരുന്നതെന്നും, ഏത് മരുന്നാണ് വെച്ചതെന്നുമുള്ള ദൃശ്യങ്ങളെല്ലാം എന്റെ കൺമുന്നിലുണ്ട്. ഹദ്റത്ത് സഹ്ൽ(റ) പറയുന്നു: 'നബി(സ) തിരുമേനിയുടെ മകൾ ഹദ്റത്ത് ഫാത്വിമ മുറിവുകൾ കഴുകുകയായിരുന്നു. ഹദ്റത്ത് അലി(റ) മുറിവുകളിൽ വെള്ളമൊഴിച്ചുകൊണ്ടിരുന്നു. വെള്ളമൊഴിക്കുന്നത് രക്തം കൂടുതലായി വരുന്നതിന് കാരണമാകുന്നത് കണ്ടപ്പോൾ ഹദ്റത്ത് ഫാത്വിമ ഒരു ചാക്ക് കഷണമെടുത്തു അത് കത്തിക്കുകയും പിന്നെ അത് മുറിവിൽ വെക്കുകയും ചെയ്തു. അങ്ങനെ രക്തംവരുന്നത് നിലച്ചു. അന്നത്തെ ദിവസം നബി(സ)തിരുമേനിയുടെ പല്ലും ശഹീദായിട്ടുണ്ടായിരുന്നു. മുഖത്ത് പരിക്കുപറ്റിയിരുന്നു. നബി(സ)തിരുമേനിയുടെ മുഖകവചം തലഭാഗത്ത് പൊട്ടുകയും ചെയ്തിരുന്നു.' (സ്വഹീഹുൽബുഖാരി, കിതാബുൽ മഗാസി,ഹദീഥ് നമ്പർ 4075)

ഹദ്റത്ത് സയീദ് ബിൻ മുസയ്യിബ് നിവേദനം. അദ്ദേഹം പറഞ്ഞു:'ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് അലിക്ക് 16 മുറിവുകളേറ്റിരുന്നു.'(ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ വാള്യം 4, പേജ് 93, ദിക്ർ അലിയ്യ് ബിൻ അബീ ത്വാലിബ്, ദാറുൽഫിക്ർ ബെയ്റുത്ത് 2003)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'പ്രയാസങ്ങൾക്കു കീഴെ അനുഗ്രഹങ്ങളുടെ

ഖജനാവ് ഒളിഞ്ഞിരിക്കുന്നു' എന്ന വിഷയത്തെ വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: ഹദ്റത്ത് അലി, ഉഹുദിൽനിന്ന് തിരിച്ചുവന്ന് ഹദ്റത്ത് ഫാത്വിമക്ക് തന്റെ വാൾ നൽകിക്കൊണ്ട് പറഞ്ഞു: 'ഇത് കഴുകി വെക്കുക. ഇത് ഇന്ന് നല്ലപോലെ ഉപകാരപ്പെട്ടു.' നബി(സ)തിരുമേനി, ഹദ്റത്ത് അലി ഇങ്ങനെ പറയുന്നത് കേട്ടപ്പോൾ പറഞ്ഞു: 'അലി താങ്കളുടെ വാൾ മാത്രമല്ല ഉപകാരപ്പെട്ടത്, നിങ്ങളുടെ നിരവധി സഹോദരന്മാരുടെ വാളുകളും ഇന്ന് അവയുടെ പ്രത്യേകത കാണിക്കുകയുണ്ടായി.' നബി(സ) തിരുമേനി ആറേഴ് സ്വഹാബാക്കളുടെ പേരുകൾ അനുസ്മരിച്ചുകൊണ്ടു പറഞ്ഞു: 'ഇവരുടെ വാളുകൾ, നിങ്ങളുടെ വാളിനെക്കാൾ ഒട്ടുംമോശമല്ല.'(മസ്വാഇബ് കെ നീച്ചെ ബർക്കത്തോം കെ ഖസാനെ മഖ്ഫീ ഹോത്തേ ഹൈ, അൻവാറുൽ ഉലൂം, വാള്യം 19, പേജ് 59).

പിന്നീട് ഇതേ പ്രയാസങ്ങളിലൂടെ കടന്നുപോയിട്ടാണ് അവസാനം അവർക്ക് വിജയം ലഭിച്ചത്.

ഖൻദക്ക് യുദ്ധം ഹിജ്രി 5-ൽ ശവ്വാൽമാസമാണുണ്ടായത്. ആ സന്ദർഭത്തിൽ നിഷേധികളുടെ സൈന്യം മദീനയെ വളഞ്ഞിരിക്കുകയായിരുന്നു. അപ്പോൾ എല്ലാവരും ഒന്നുചേർന്ന് ആക്രമണം നടത്താമെന്ന് അവരുടെ മൂപ്പന്മാർ ഐകകണ്ഠ്യേന തീരുമാനം എടുക്കുകയുണ്ടായി. അവർ കിടങ്ങിൽ ഇടുങ്ങിയ സ്ഥലം തിരയുകയായിരുന്നു. അങ്ങനെ അതിലൂടെ കുതിരപ്പടയുമായിവന്ന് നബി(സ)തിരുമേനിയുടേയും തിരുസ്വഹാബാക്കളുടേയും അടുക്കലെത്താമെന്ന് അവർ കരുതി. പക്ഷേ, അവർക്ക് അങ്ങനെയുള്ള ഒരു സ്ഥലം കണ്ടെത്താൻ കഴിഞ്ഞില്ല. അവർ പറഞ്ഞു: 'ഈ ഉപായം ഇന്നേവരെ അറേബ്യയിൽ ആരും ചെയ്തിട്ടില്ല.' അവരോട് പറയപ്പെട്ടു: 'നബി(സ) തിരുമേനിയുടെ കൂടെ ഒരു പേർഷ്യക്കാരനുണ്ട്. അയാളാണ് നബി(സ)തിരുമേനിക്ക് ഇതേക്കുറിച്ച് അഭിപ്രായം നൽകിയത്.' അവർ അതായത് നിഷേധികൾ പറഞ്ഞു. പിന്നെ അവർ ഒരു ഇടുങ്ങിയ സ്ഥലം കണ്ടെത്തി. അതേപ്പറ്റി മുസ്‌ലിമീങ്ങൾ അശ്രദ്ധരായിരുന്നു. ഇക്‌രിമ ബിൻ അബൂജഹ്ൽ, നൗഫൽ ബിൻ അബ്ദുല്ലാഹ്, ളിറാർ ബിൻ ഖത്വാബ്, ഹബീറ ബിൻ അബൂവഹബ്, അംറ് ബിൻ അബ്ദു വുദ്ദ് എന്നിവർ ഈ സ്ഥലത്തൂടെ കിടങ്ങ് മറികടന്നു. അംറ് ബിൻ വുദ്ദ് പോരാടാൻ ക്ഷണിച്ചുകൊണ്ട് ഈ ഈരടികൾചൊല്ലി.

*വലഖദ് ബഹിഹ്ത്തു മിനന്നിദാഇ*
*ലിജംഇഹിം ഹൽ മിൻ മുബാരിസ്*

അവരുടെ സംഘത്തിൽ പോരാടാനാരെങ്കിലുമുണ്ടെങ്കിൽ മുന്നോട്ടു വരുവിൻ എന്ന് വിളിച്ചുപറഞ്ഞ് എന്റെതന്നെ ശബ്ദം അടഞ്ഞുപോയി.

ഇതിനു മറുപടിയായി ഹദറത്ത് അലി(റ)ഇപ്രകാരം കവിത ചൊല്ലി:

*ലാ തഅ്ജലന്ന ഫഖദ് അത്താക്ക*
*മുജീബു സ്വൗത്തിക്ക ഗയ്റു ആജിസ്*
*ഫീ നിയ്യത്തിൻവ്വ ബസ്വീറത്തിൻ*
*വസ്സിദ്ഖു മൻജാ കുല്ലി ഫാഇസ്*
*ഇന്നീ ല അർജൂ അൻ ഉഖീമ*
*അലയ്ക്ക നാഇഹത്തൽ ജനാഇസ്*
*മിൻ ള്വർബത്തിൻ നജ്‌ലാഅ യബ്ഖാ*
*ദിക്റുഹാ യിൻദൽ ഹസാഹിസ്*

നീ ധിറുതിപ്പെടാതിരിക്കുക. നിന്റെ വിളിക്ക് മറുപടി നൽകുന്നവൻ എത്തിയിരിക്കുന്നു. അവൻ നിസ്സഹായതയും ദൗർബല്യവും കാണിക്കുന്നവനല്ല. ഉറച്ച തീരുമാനവും തികഞ്ഞ ഉൾക്കാഴ്ചയോടുംകൂടി. രണാങ്കണത്തിൽ സ്ഥൈര്യവും അചഞ്ചലതയുമാണ് ഓരോ വിജയിയുടെയും മോക്ഷത്തിനുള്ള മാർഗം. ഞാൻ പ്രതീക്ഷിക്കുന്നത്, മയ്യിത്തിനെ പറ്റി ദീനാരോദനം ചെയ്യുന്നവരെ നിനക്ക് ചുറ്റും എനിക്ക് ഒരുമിച്ചു കൂട്ടാൻ കഴിയുമെന്നാണ്. അതായത് യുദ്ധങ്ങളിൽ എന്നെന്നും ഓർക്കാൻ പറ്റുന്ന ഗുരുതരമായ പരിക്ക് ഞാനേല്പിക്കുന്നതായിരിക്കും.

'യാ റസൂലല്ലാഹ്! ഞാൻ അയാളെ നേരിടുന്നതിന് പുറപ്പെടുന്നതാണെന്ന് നബി(സ) തിരുമേനിയോടു ഹദ്റത്ത് അലി ബിൻ അബൂത്വാലിബ്(റ)പറഞ്ഞപ്പോൾ, നബി(സ)തിരുമേനി അദ്ദേഹത്തിന് തന്റെ വാൾ നൽകുകയും തലപ്പാവ് കെട്ടികൊടുക്കുകയും ചെയ്തുകൊണ്ട് ദുആചെയ്തു: 'അല്ലാഹുവേ! അംറ് ബിൻ അബ്ദു വുദ്ദിനെതിരിൽ നീ ഇയാളെ സഹായിക്കേണമേ!' ഹദ്റത്ത് അലി(റ) അയാളെ നേരിടാൻ പുറപ്പെട്ടു. അവർ പരസ്പരം പോരാടാൻ അടുത്തെത്തി. അവർക്കിടയിൽ പൊടിപടലങ്ങൾ ഉയർന്നു. ഹദ്റത്ത് അലി(റ) അയാളെ പോരാട്ടത്തിൽ വധിച്ചു. അല്ലാഹു അക്ബർ എന്ന മുദ്രാവാക്യം വിളിച്ചു. അപ്പോൾ ഹദ്റത്ത് അലി(റ) അയാളെ വധിച്ചുവെന്ന് ഞങ്ങൾക്കുറപ്പായി. അയാളുടെ സുഹൃത്തുക്കൾ പിന്തിരിഞ്ഞോടി. കുതിരകൾ ഉള്ളതുകൊണ്ട് അവർ തങ്ങളുടെ ജീവൻ രക്ഷിക്കുന്നതിൽ വിജയിച്ചു. (സീറത്തു ഖാതമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 573) (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 2, പേജ് 283, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബെയ്റൂത്ത് ലബ്നാൻ 1996)(അൽഹിദായ വന്നിഹായ, വാള്യം 2, ഭാഗം 4, പേജ് 115, ഗസ്‌വയെ ഖൻദഖ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2001)

ഇതേപറ്റി കുറെക്കൂടി വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: അംറ് അറിയപ്പെടുന്ന വാൾപ്പയറ്റുകാരനായിരുന്നു. അയാളുടെ ധൈര്യം കാരണം അയാളെ 1000 യോദ്ധാക്കൾക്ക് സമാനനാണെന്ന് ഗണിച്ചിരുന്നു. അയാൾ ബദ്ർ യുദ്ധത്തിൽ നിരാശനായിമടങ്ങി പോയതാണ്. അതുകൊണ്ട് അയാളുടെ ഹൃദയത്തിൽ മുസ്‌ലിമീങ്ങൾക്കെതിരെ വെറുപ്പും പ്രതികാരവാഞ്ചയും നിറഞ്ഞിരുന്നു. ഇയാൾ രണാങ്കണത്തിൽ വന്ന ഉടൻതന്നെ വളരെ ഗർവോടുകൂടി എതിരാളികളെ തേടുകയായിരുന്നു. ആരെങ്കിലും തനിക്കെതിരെ പോരാടാൻ ഉണ്ടോ എന്ന് അയാൾ വിളിച്ചുചോദിച്ചു. ചില സ്വഹാബാക്കൾ അയാളെ നേരിടുന്നതിൽ വൈമനസ്യം പ്രകടിപ്പിച്ചിരുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ അനുമതിയോടെ, ഹദ്റത്ത് അലി(റ)അയാളെ നേരിടാൻ മുന്നോട്ടു ഗമിച്ചു. നബി(സ)തിരുമേനി തന്റെ വാൾ അദ്ദേഹത്തിനു നൽകി. അദ്ദേഹത്തിന് വേണ്ടി ദുആചെയ്തു. ഹദ്റത്ത് അലി(റ) മുന്നോട്ടു കുതിച്ചുകൊണ്ട് അംറിനോട് പറഞ്ഞു: 'ഖുറയ്ശികളിൽ ആരെങ്കിലും നിങ്ങളോട് രണ്ടു കാര്യങ്ങൾ ആവശ്യപ്പെട്ടാൽ അതിലൊന്ന് തീർച്ചയായും നിങ്ങൾ അംഗീകരിക്കുമെന്ന് ഞാൻ കേട്ടിട്ടുണ്ട്.' അംറ് പറഞ്ഞു: 'അതേ!' ഹദ്റത്ത് അലി(റ) പറഞ്ഞു: 'അങ്ങനെയാണെങ്കിൽ ഞാൻ ആദ്യം നിങ്ങളോട് പറയട്ടെ, 'മുസ്‌ലിംമാകുക! നബി(സ)തിരുമേനിയെ അംഗീകരിച്ചുകൊണ്ട് ദൈവാനുഗ്രഹങ്ങൾക്ക് അവകാശിയാകുക!' അംറ് പറഞ്ഞു: 'അത് സാധ്യമല്ല.' ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഇത് സ്വീകാര്യമല്ലെങ്കിൽ വരിക! എന്നോട് പോരാടാൻ തയ്യാറായിക്കൊള്ളുക.' അപ്പോൾ അംറ് ചിരിച്ചുകൊണ്ട് പറഞ്ഞു: 'എന്നോട് ആർക്കെങ്കിലും ഇങ്ങനെ പറയാൻ കഴിയുമെന്ന് ഞാൻ ധരിച്ചിരുന്നില്ല.' തുടർന്ന് അയാൾ ഹദ്റത്ത് അലിയുടെ പേരും വംശാവലിയും ചോദിച്ചറിഞ്ഞു. അത് പറഞ്ഞപ്പോൾ അയാൾ പറഞ്ഞു: 'സഹോദരപുത്രാ! നീഇപ്പോൾകുട്ടിയാണ്. ഞാൻ നിന്റെ രക്തം വീഴ്ത്താൻ ആഗ്രഹിക്കുന്നില്ല. നിങ്ങളിലെ വലിയവരെ ആരെയെങ്കിലും പറഞ്ഞയക്കൂ!' അപ്പോൾ മറുപടിയായി ഹദ്റത്ത് അലി(റ) പറഞ്ഞു: 'നിങ്ങൾ എന്റെ രക്തം വീഴ്ത്താൻ ഇഷ്ടപ്പെടുന്നില്ല. പക്ഷേ, എനിക്ക് താങ്കളുടെ രക്തം വീഴ്ത്തുന്നതിൽ ഒരു അമാന്തവുമില്ല.' അപ്പോൾ അംറ് ആവേശത്താൽ അന്ധനായിക്കൊണ്ട് കുതിരപ്പുറത്തുനിന്ന് ചാടിയിറങ്ങി. അതിന്റെ കുളമ്പ് വെട്ടിമാറ്റി അതിനെ വീഴ്ത്തി. അങ്ങനെ തിരിച്ചു പോകാനുള്ള വഴികളെല്ലാം കൊട്ടിയടച്ചു. തുടർന്ന് ആളിക്കത്തുന്ന അഗ്നി കണക്കെ ഹദ്റത്ത് അലിയുടെ നേർക്ക് കുതിച്ചു. ശക്തമായി അലിയെ ആക്രമിച്ചു. അദ്ദേഹത്തിന്റെ പരിച പൊളിച്ചു. അത് അദ്ദേഹത്തിന്റെ നെറ്റിയിൽകൊണ്ടു. അദ്ദേഹത്തിന്റെ നെറ്റിയിൽ പരിക്കേൽപ്പിച്ചു. പക്ഷേ, ഹദ്റത്ത് അലി ഉടൻ തന്നെ അല്ലാഹുഅക്ബർ എന്ന് വിളിച്ചുകൊണ്ട് അയാളെ തിരിച്ച് ആക്രമിച്ചു. അയാൾ സ്വയം പ്രതിരോധിച്ചു കൊണ്ടിരുന്നു. ഹദ്റത്ത് അലിയുടെ വാൾ, അയാളുടെ തോൾ ഛേദിച്ചുകൊണ്ട് താഴോട്ടിറങ്ങി. അംറ് വെപ്രാളപ്പെട്ട് വീഴുകയും കൊല്ലപ്പെടുകയും ചെയ്തു.' (സീറത്തു ഖാതമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 588-589)

അംറ് ബിൻ അബ്ദു വുദ്ദ് വധിക്കപ്പെട്ടപ്പോൾ നിഷേധികൾ, പതിനായിരം ദിർഹമിന് അയാളുടെ മൃതദേഹം വാങ്ങാമെന്ന സന്ദേശമയച്ചു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അത് കൊണ്ടുപൊയ്ക്കൊള്ളുക. ഞങ്ങൾ മൃതദേഹങ്ങൾക്ക് വില ഈടാക്കാറില്ല.(അൽഹിദായ വന്നിഹായ, വാള്യം 2, ഭാഗം 4, പേജ് 116, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2001)

ഹദ്റത്ത് ബറാഅ് ബിൻ ആസിബ്(റ) വിവരിക്കുന്നു : നബി(സ)തിരുമേനി ഹുദയ്ബിയക്കാരുമായി രഞ്ജിപ്പിലെത്തിയപ്പോൾ ഹദ്റത്ത് അലിയാണ് അവർക്കിടയിൽ ഉടമ്പടി എഴുതിയത്. അതിൽ നബി(സ)തിരുമേനിയുടെ പേര് മുഹമ്മദ് റസൂലുല്ലാഹ്(സ) എന്നാണ് എഴുതിയിരുന്നത്. മുശ്‌രിക്കീങ്ങൾ പറഞ്ഞു: മുഹമ്മദ് റസൂലുല്ലാഹ് എന്ന് എഴുതാൻ പാടില്ല. അദ്ദേഹം റസൂൽ ആയിരുന്നുവെങ്കിൽ ഞങ്ങൾ അദ്ദേഹത്തെ എതിർക്കില്ലായിരുന്നു. നബി(സ) തിരുമേനി, ഹദ്റത്ത് അലിയോട് പറഞ്ഞു: 'അത് വെട്ടിക്കളയാൻ പറഞ്ഞു!' ഹദ്റത്ത് അലി പറഞ്ഞു: 'അത് വെട്ടിക്കളയാൻ ഞാനാളല്ല.' തുടർന്ന് നബി(സ)തിരുമേനി, സ്വന്തം കൈ കൊണ്ട് അത് വെട്ടുകയായിരുന്നു. നബി(സ)തിരുമേനിയും സ്വഹാബാക്കളും മൂന്നുദിവസം മക്കയിൽ താമസിക്കുമെന്നും അപ്പോൾ അവർ ആയുധങ്ങൾ ജുലുബ്ബാനിൽ വെച്ചുകൊണ്ട് മക്കയിൽ പ്രവേശിക്കണമെന്നുമുള്ള നിബന്ധനയിൽ ആണ് സമാധാന ഉടമ്പടി ചെയ്തത്. അപ്പോൾ കൂടെയുണ്ടായിരുന്നവർ ചോദിച്ചു: ജുലുബ്ബാൻ എന്നു പറഞ്ഞാൽ എന്താണ്? അവർ പറഞ്ഞു: വാളുകൾ അതിന്റെ ഉറയോടുകൂടി വെക്കുന്ന പൊതിയാണ് ജുലുബ്ബാൻ.(സ്വഹീഹുൽബുഖാരി, കിതാബുസ്സ്വുൽഹ്, ബാ ബുൻ കയ്ഫ യുക്തബു ഹാദാ:മാ സ്വാലഹ ഫുലാന ബ്‌നു ഫുലാനിൻ വ ഫുലാനുബ്നു ഫുലാനിൻ വഇൻല്ലം യൻസുബുഹു ഇലാ ഖബീലത്തിഹീ ഔ നസ്ബിഹീ, ഹദീഥ് നമ്പർ 2698, ഉർദു തർജമ, സ്വഹീഹുൽ ബുഖാരി, വാള്യം 5, പേജ് 12-13, പ്രസാധകർ നളാറത്ത് ഇശാഅത്ത് റബ്‌വ)

ഈ സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അല്പം വിശദമായി വിവരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു:'നബി(സ)തിരുമേനി ഹുദയ്ബിയാ സന്ധിയുടെ സദസ്സിൽ ഇരിക്കുകയായിരുന്നു. നിഷേധികൾ രഞ്ജിപ്പിനുള്ള നിബന്ധനകൾ സമർപ്പിച്ചുകൊണ്ടിരുന്നു. സ്വഹാബാക്കൾ തങ്ങളുടെ ഹൃദയത്തിൽ ഒരു തീയുമായിട്ടാണ് ഇരുന്നിരുന്നത്. ഇരുപതുവർഷമായി നിഷേധികൾ അവർക്കുമേൽ നടത്തിയിരുന്ന അതിക്രമങ്ങൾ കാരണം അവരുടെ ഉള്ളിൽ ആ അതിക്രമങ്ങളുടെ തീ ജ്വലിക്കുന്നുണ്ടായിരുന്നു. അവരുടെ വാളുകൾ, അതിന്റെ ഉറകളിൽനിന്ന് പുറത്തെടുക്കാനും നിഷേധികൾ ഇസ്‌ലാമിനുമേൽചെയ്തുകൂട്ടിയ അതിക്രമങ്ങൾക്ക് പകരം ചോദിക്കാനും ആഗ്രഹിച്ചിരുന്നു. എന്നാൽ, നബി(സ)തിരുമേനി നിഷേധികളുടെ കാര്യങ്ങൾ കേൾക്കുകയും അവർ 'വരുവിൻ നമുക്ക് സുൽഹ് അഥവാ രഞ്ജിപ്പിൽ എത്താമെന്ന് പറഞ്ഞു വിളിക്കുകയും' ചെയ്തപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'നല്ലത്, നമുക്ക് രഞ്ജിപ്പിലെത്താം.' അവർ പറഞ്ഞു: 'ഈ വർഷം ഉംറ ചെയ്യാൻ പറ്റില്ല എന്നതാണ് നിബന്ധന. നബി(സ)തിരുമേനി പറഞ്ഞു: വളരെ നല്ലത്. ഞങ്ങൾ ഈ വർഷം ഉംറ ചെയ്യുന്നതല്ല. പിന്നെ അവർ പറഞ്ഞു: രണ്ടുവർഷംകഴിഞ്ഞ് നിങ്ങൾ ഉംറ ചെയ്യാൻ വരുമ്പോൾ നിങ്ങൾ മക്കയിൽ മൂന്നുദിവസത്തിലധികം തങ്ങരുതെന്നതാണ് രണ്ടാമത്തെ നിബന്ധന. നബി(സ) തിരുമേനി പറഞ്ഞു: നല്ലത്. ഈ നിബന്ധനയും എനിക്ക് സമ്മതമാണ്. തുടർന്ന് അവർ പറഞ്ഞു: അടുത്ത നിബന്ധന, നിങ്ങൾക്ക് ആയുധധാരികളായി മക്കയിൽ പ്രവേശിക്കാൻ അനുവാദമുണ്ടായിരിക്കുന്നതല്ല. നബി(സ)തിരുമേനി പറഞ്ഞു: 'വളരെ നല്ലത്, ഞങ്ങൾ ആയുധധാരികളായി മക്കയിൽ പ്രവേശിക്കുന്നതല്ല.' രഞ്ജിപ്പിനുള്ള നിബന്ധനകൾ തീരുമാനമാകുമ്പോൾ സ്വഹാബാക്കളുടെ ഉള്ളിന്റെ ഉള്ളിൽ ആവേശം തിളക്കുകയായിരുന്നു അവർ കോപംകൊണ്ട് അസ്വസ്ഥരായിക്കൊണ്ടിരിക്കുകയാണ്. ഹദ്റത്ത് അലിയെ സന്ധി നിർദേശങ്ങൾ എഴുതാൻ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. അങ്ങനെ നിർദേശങ്ങൾ എഴുതാൻ തുടങ്ങിയപ്പോൾ അതിൽ മുഹമ്മദ് റസൂലുല്ലാഹ്(സ)ഉം അദ്ദേഹത്തിന്റെ അനുയായികളും ഇന്ന ഇന്ന മക്കാമൂപ്പന്മാരുമായി ഉണ്ടാക്കുന്ന ഉടമ്പടി എന്ന് എഴുതിത്തുടങ്ങിയതാണ്. അപ്പോൾ നിഷേധികൾ കോപാകുലരായി പറഞ്ഞു: ഞങ്ങൾക്ക് ഈ വാക്കുകൾ സഹിക്കാൻ കഴിയില്ല. കാരണം ഞങ്ങൾക്ക് മുഹമ്മദ് റസൂലുല്ലായെ അറിയില്ല. ഞങ്ങൾ അത് അംഗീകരിക്കുന്നുവെങ്കിൽ അദ്ദേഹവുമായി പിന്നെ ഞങ്ങൾ യുദ്ധം ചെയ്യേണ്ട കാര്യമെന്താണ്? മുഹമ്മദ് ബിൻ അബ്ദുല്ലാഹ് എന്ന നിലയില്ലാതെ മുഹമ്മദ് റസൂലുല്ലാഹ് എന്ന നിലയിൽ സന്ധിചെയ്യാൻ ഞങ്ങൾക്ക് സാധ്യമല്ല. അതുകൊണ്ട് ആ പദങ്ങൾ ഈ സന്ധിയിൽ എഴുതാൻ പറ്റില്ല.' അതു കേട്ടതോടെ സ്വഹാബാക്കളുടെ ആവേശം പാരമ്യതയിലെത്തി. അവർ കോപാകുലരായി വിറയ്ക്കാൻ തുടങ്ങി. അല്ലാഹു ഒരു സന്ദർഭം ഉണ്ടാക്കുകയാണെന്നും നബി(സ)തിരുമേനി അവർ പറഞ്ഞത് അംഗീകരിക്കില്ലെന്നും യുദ്ധം ചെയ്ത് ഹൃദയാസ്വസ്ഥത മാറ്റാൻ സമയം സമാഗതമായെന്നും അവർ ധരിച്ചു. പക്ഷേ, നബി(സ)തിരുമേനി പറഞ്ഞു: 'അവർ പറയുന്നത് ശരിയാണ്. റസൂലുല്ലാഹ് എന്ന പദം വെട്ടേണ്ടതാണ്.' നബി(സ)തിരുമേനി പറഞ്ഞു: 'അലീ! ആ പദം വെട്ടിക്കളയൂ!' എന്നാൽ, അനുസരണയിലും അനുഭാവത്തിലും ഉന്നതമായ മാതൃകക്ക് ഉടമയായ അലിയുടെ ഹൃദയവും ആ സമയത്ത് വിറകൊള്ളുകയും കണ്ണുകൾ അശ്രു പൊഴിക്കുകയുമായിരുന്നു. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! ഈ പദം എനിക്ക് വെട്ടിക്കളയാൻ കഴിയുന്നില്ല.' നബി(സ)തിരുമേനി പറഞ്ഞു: 'തരൂ! എനിക്ക് കടലാസ് തരൂ!' അങ്ങനെ ആ കടലാസ് വാങ്ങി. 'റസൂലുല്ലാഹ്' എന്ന പദം നബി(സ)തിരുമേനി തന്റെ കൈകൊണ്ട് വെട്ടിക്കളഞ്ഞു.'(ഖുത്ബാത്തെ മഹ്മൂദ്, വാല്യം 20, പേജ് 379-381, ഖുത്ബ 8-9-1939)

ഹിജ്റ 7-ാം വർഷം മുഹർറം-സ്വഫർ മാസങ്ങളിൽ നടന്ന ഖയ്ബർ യുദ്ധത്തെപ്പറ്റി സ്വഹീഹ് മുസ്‌ലിമിൽ ദീർഘമായൊരു ഹദീഥുണ്ട്. ഹദ്റത്ത് സൽമാ ബിൻത് അക്‌വഅ് വിവരിക്കുന്നു: ഞങ്ങൾ ഖയ്ബറിലെത്തിയപ്പോൾ അവരുടെ നേതാവ് മർഹബ്, തന്റെ വാൾചുഴറ്റിക്കൊണ്ട് ഇറങ്ങി പറഞ്ഞു: 'തീപാറുന്ന പോരാട്ടത്തിൽ, ആയുധധാരിയായ മർഹബ്, യോദ്ധാവും യുദ്ധനിപുണനുമാണെന്ന് ഖയ്ബറിനറിയാം.' അതായത് എന്റെ ധൈര്യം അറിയാൻ കഴിയുന്നതാണ്. നിവേദകൻ പറയുന്നു: 'അയാളെ നേരിടാൻ എന്റെ പിതൃവ്യൻ ആമിർ ഇറങ്ങി. അദ്ദേഹം പറഞ്ഞു: 'ഞാൻ ആമിർ, ആയുധധാരിയായ പോരാളിയും പ്രയാസങ്ങളിൽ സ്വയം അകപ്പെടുന്നവനുമാകുന്നു.' നിവേദകൻ തുടരുന്നു: 'രണ്ടുപേരും പൊരുതുകയാണ്. മർഹബിന്റെ വാൾ ആമിറിന്റെ പരിചയിൽകൊണ്ടു. ആമിർ താഴ്ഭാഗത്തുകൂടി ആക്രമിക്കാൻ തുടങ്ങി. അദ്ദേഹത്തിന് സ്വന്തം വാൾതന്നെ കൊണ്ടു. അയാൾ അദ്ദേഹത്തിന്റെ ഞരമ്പ് മുറിച്ചുമാറ്റി. അദ്ദേഹം അങ്ങനെ ശഹീദായി. സൽമ പറയുന്നു: 'ഞാൻ പുറത്തിറങ്ങിയപ്പോൾ, നബി(സ)തിരുമേനിയുടെ ചില സ്വഹാബാക്കൾ, ആമിറിന്റെ കർമങ്ങൾ നിഷ്ഫലമായെന്നും അയാൾ സ്വയം വധിക്കപ്പെട്ടുവെന്നും പറയുന്നുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: 'ഞാൻ കരഞ്ഞുകൊണ്ട് നബി(സ)തിരുമേനിയുടെ അടുക്കലെത്തി, പറഞ്ഞു: യാ റസൂലല്ലാഹ്! ആമിറിന്റെ കർമങ്ങൾ വൃഥാവിലായോ?' നബി(സ)തിരുമേനി ചോദിച്ചു: 'ആരു പറഞ്ഞു?' ഞാൻ പറഞ്ഞു: 'ചില സ്വഹാബാക്കൾ.' നബി(സ)തിരുമേനി പറഞ്ഞു: അങ്ങനെ പറയുന്നവർ തെറ്റാണ് പറയുന്നത്. അദ്ദേഹത്തിന് ഇരട്ടി പ്രതിഫലമുണ്ട്.' തുടർന്ന് നബി(സ)തിരുമേനി എന്നെ ഹദ്റത്ത് അലിയുടെ അടുത്തേക്ക് അയച്ചു. അദ്ദേഹത്തിന് കണ്ണിന് സുഖമില്ലായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: ഞാൻ ഈ പതാക ഏൽപ്പിക്കുന്ന ആൾ, അല്ലാഹുവിനേയും അവന്റെ റസൂലിനേയും സ്നേഹിക്കുന്ന ആളാകുന്നു. അല്ലെങ്കിൽ അല്ലാഹുവും റസൂലും അദ്ദേഹത്തെ സ്നേഹിക്കുന്നു. അദ്ദേഹം പറയുന്നു: ഞാൻ അലിയുടെ അടുക്കലെത്തി. അദ്ദേഹത്തെയുംകൂട്ടി നടന്നു. അദ്ദേഹത്തിന് കണ്ണുദീനമുണ്ടായിരുന്നു. അതായത് അസുഖം കാരണം കണ്ണ് വിങ്ങിയിരുന്നു. അങ്ങനെ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ കണ്ണുകളിൽ ഉമിനീർ തേച്ചപ്പോൾ അസുഖംമാറി. നബി(സ)തിരുമേനി അദ്ദേഹത്തിന് പതാക നൽകി. മർഹബ് ഇറങ്ങി പറഞ്ഞു: ഞാൻ മർഹബ്, ആയുധധാരിയായ, യുദ്ധനൈപുണ്യമുള്ള ഞാൻ, യുദ്ധം തീ പാറുമ്പോൾ ആരാണെന്ന് ഖയ്ബറിന് നല്ലതുപോലെ അറിയാം.

ഹദ്റത്ത് അലി (റ) പറഞ്ഞു:

*അനല്ലദീ സമ്മത്നീ ഉമ്മീ ഹയ്ദറഹ്*
*കലയ്ഥി ഗാബാത്തിൻ കരീഹിൽ മൻളറഹ്*
*ഊഫീഹിം ബിസ്സായി കയ്ലസ്സൻദറഹ്*

'എന്റെ ഉമ്മ ഹയ്ദർ എന്നാണ് എനിക്കു പേരിട്ടത്. അത് വനാന്തരങ്ങളിലെ ഭയാനക രൂപമുള്ള സിംഹത്തെപ്പോലെയാകുന്നു. ഞാൻ ഒരു സാഇനു പകരം ഒരു 'സൻദറ' തരുന്നവനാണ്. ഇതൊരു അറബി പ്രയോഗമാകുന്നു. അതിന്റെ അർഥം ഒരു സേർ(അളവ്)നു പകരം ഒന്നേകാൽ സേർ എന്നുമാകാം. ഉർദുവിൽ 'ഇഷ്ടികക്ക് മറുപടി കരിങ്കല്ലുകൊണ്ട്' എന്ന് പറയും പോലെ. സൻദറ എന്നാൽ, മിക്യാലുൻ വാസിഉൻ എന്നാണ് വാക്കർഥം. അതായത് വലിയ അളവ്. സാഅ് എന്നാൽ, മൂന്ന് സേറാകുന്നു. സൻദറയാണ് വലിയ അളവ്. നിവേദകൻ പറയുന്നു: ഇത്രയും പറഞ്ഞ ശേഷം ഹദ്റത്ത് അലി, മർഹബിന്റെ തലയിൽ പരിക്കേൽപ്പിക്കുകയും വധിക്കുകയും ചെയ്തു. തുടർന്ന് ഹദ്റത്ത് അലിയുടെ കൈകളാൽ ആ പ്രദേശം ജയിച്ചടക്കി. ഇത് മുസ്‌ലിമിലുള്ള നിവേദനമാകുന്നു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 837) (സ്വഹീഹ് മുസ്‌ലിം, കിതാബുൽജിഹാദ് വസ്സിയർ, ഹദീഥ് നമ്പർ 4678, ഉർദു തർജമ സ്വഹീഹ് മുസ്‌ലിം, വാല്യം 9, പേജ് 240, പ്രസാധകർ നൂർ ഫൗണ്ടേഷൻ റബ്വ)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇത് പരാമർശിച്ചുകൊണ്ട് പറയുന്നു: 'ഖയ്ബർ ദിവസം ഹദ്റത്ത് അലിക്കാണ് അവസരം കിട്ടിയത്. നബി(സ)തിരുമേനി പറഞ്ഞു: ഇന്ന് അല്ലാഹുവിനെ സ്നേഹിക്കുന്ന വ്യക്തിക്കാണ് ഞാൻ അവസരം നൽകുക. അല്ലാഹു ശ്രേഷ്ഠനാക്കിയ ആൾക്ക് ഞാൻ വാൾ കൊടുക്കുന്നതാണ്.' ഹദ്റത്ത് ഉമർ(റ) പറയുന്നു: 'ഞാനും ആ സദസ്സിലുണ്ടായിരുന്നു. നബി(സ)തിരുമേനി എന്നെ കാണട്ടെയെന്നും അത് എനിക്ക് നൽകട്ടെയെന്നും കരുതി ഞാൻ തല ഉയർത്തിപ്പിടിച്ചിരുന്നു. പക്ഷേ, നബി(സ)തിരുമേനി കണ്ടെങ്കിലും നിശബ്ദനായിരുന്നു. ഞാൻ വീണ്ടും തലയുയർത്തി. നബി(സ)തിരുമേനി എന്നെ കണ്ടെങ്കിലും മൗനം പാലിച്ചു. അങ്ങനെ അവിടെ അലി എത്തി. അദ്ദേഹത്തിന്റെ കണ്ണ് നീരുവന്ന് വീങ്ങിയിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'അലീ! മുന്നോട്ടുവരൂ!' അദ്ദേഹം നബി(സ)തിരുമേനിയുടെ അടുക്കലെത്തി. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ കണ്ണുകളിൽ ഉമിനീർ തേച്ചുകൊണ്ട് പറഞ്ഞു: 'അല്ലാഹു നിന്റെ കണ്ണുകൾക്ക് ശമനം നൽകുമാറാകട്ടെ. ഈ വാൾ വാങ്ങൂ! ഇത് അല്ലാഹു നിന്റെ ചുമതലയിൽ ഏൽപ്പിച്ചതാണ്.'(ഖുത്ബാത്തെ മഹ്മൂദ്, വാല്യം 19, പേജ് 614, ജുമുഅ ഖുത്ബ 2-9-1938)

ഇതേപ്പറ്റി വിവരിച്ചുകൊണ്ട് മറ്റൊരുസ്ഥലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'മദീനയിൽനിന്ന് ഏതാനും നാഴിക അകലെ ഖയ്ബറിലുള്ള യഹൂദികൾ മദീനക്കെതിരിൽ വളരെവേഗം കുതന്ത്രങ്ങൾ ആവിഷ്കരിക്കുമെന്നുള്ളതുകൊണ്ട് അവരെ അവിടെ നിന്ന് പുറത്താക്കാൻ, നബി(സ)തിരുമേനി ഹുദയ്ബിയയിൽ നിന്ന് തിരിച്ചെത്തി 5 മാസങ്ങൾക്കുശേഷം തീരുമാനമെടുത്തു. അങ്ങനെ 1600 സ്വഹാബാക്കളോടൊപ്പം ക്രിസ്ത്വാബ്ദം 628 ആഗസ്റ്റിൽ ഖയ്ബറിലേക്ക് തിരിച്ചു. ഖയ്ബർ ഒരു കോട്ട പോലെയുള്ള നഗരമാകുന്നു. നാലു ഭാഗത്തും കുന്നുകൾക്കു മുകളിൽ കോട്ടയുണ്ടായിരുന്നു. ശക്തമായ ഈ പട്ടണത്തെ ഇത്രയും കുറവ് സൈനികരുമായി ജയിച്ചടക്കുക എളുപ്പമല്ലായിരുന്നു. ചുറ്റുപാടുമുള്ള ചെറിയ ചെറിയ താവളങ്ങൾ നിസ്സാര ഏറ്റുമുട്ടലുകളോടെ തന്നെ പിടിച്ചടക്കി. എന്നാൽ, യഹൂദികൾ ചുരുങ്ങിച്ചുരുങ്ങി നഗരമധ്യത്തിലുള്ള കോട്ടയിലെത്തി.

അത് പിടിച്ചടക്കാനുള്ള എല്ലാ ശ്രമവും പരാജയപ്പെടുകയാണ്. ഒരു ദിവസം നബി(സ) തിരുമേനിയോട് അല്ലാഹു പറഞ്ഞു: 'ഈ പട്ടണത്തെ ജയിച്ചടക്കുക ഹദ്റത്ത് അലിയുടെ കൈകൾ കൊണ്ടായിരിക്കും.' നബി(സ)തിരുമേനി രാവിലെ ഇങ്ങനെ വിളംബരപ്പെടുത്തി. ഇന്ന് ഞാൻ ഇസ്‌ലാമിന്റെ ശ്യാമള പതാക, അല്ലാഹുവും അവന്റെ റസൂലും മുസ്‌ലിമീങ്ങളും സ്നേഹിക്കുന്ന വ്യക്തിയെ ഏൽപ്പിക്കുന്നതാണ്. ഈ കോട്ട അദ്ദേഹത്തിന്റെ കൈകളാൽ കീഴ്പ്പെടുത്തുന്നത് വിധിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ അടുത്ത ദിവസം രാവിലെ നബി(സ) തിരുമേനി ഹദ്റത്ത് അലിയെ വിളിച്ച് അദ്ദേഹത്തിന് പതാക ഏൽപ്പിച്ചു കൊടുത്തു. അദ്ദേഹം സ്വഹാബാക്കളുടെ സൈന്യവുമായി കോട്ടയെ ആക്രമിച്ചു. യഹൂദികൾ കോട്ടയ്ക്കകത്തായിരുന്നിട്ടുകൂടി അല്ലാഹു ഹദ്റത്ത് അലിക്കും മറ്റു സ്വഹാബാക്കൾക്കും വൈകുന്നേരത്തിനു മുമ്പേതന്നെ കോട്ട കീഴ്പ്പെടുത്താനുള്ള ശക്തിയും തൗഫീഖും പ്രദാനം ചെയ്തു.

ഇനി മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഹദ്റത്ത് അലിയെ പരാമർശിച്ചുകൊണ്ട് ഇതേ സംഭവത്തെ ഇങ്ങനെ വിവരിക്കുന്നു: ഖയ്ബർ പിടിച്ചടക്കണമെന്നുള്ള പ്രശ്നം വന്നപ്പോൾ നബി(സ)തിരുമേനി, ഹദ്റത്ത് അലിയെ വിളിച്ചു. ഇസ്‌ലാമിക സൈന്യത്തിന്റെ പതാക അദ്ദേഹത്തെ ഏൽപ്പിക്കാൻ ആഗ്രഹിച്ചു. പക്ഷേ, ഹദ്റത്ത് അലിക്ക് കണ്ണുദീനമുണ്ടായിരുന്നു. ഇവിടെയും കണ്ണുദീനത്തെ പറ്റി പറയുന്നുണ്ട്. കഠിനമായ പ്രയാസം കാരണം അത് വീങ്ങിയിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അലിയെ ഈ അവസ്ഥയിൽ കണ്ടപ്പോൾ ഹദ്റത്ത് അലിയോട് പറഞ്ഞു: 'ഇങ്ങോട്ടുവരൂ! അദ്ദേഹം മുന്നോട്ടു വന്നപ്പോൾ നബി(സ)തിരുമേനി തന്റെ ഉമിനീർകൊണ്ട് ഹദ്റത്ത് അലിയുടെ കണ്ണുകൾക്കുമേൽ തടവി. അപ്പോൾതന്നെ ഹദ്റത്ത് അലിയുടെ കണ്ണുകൾ സുഖമായി.'(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 325-326)

ഇനി മറ്റൊരിടത്ത് നബി(സ)തിരുമേനിയുടെ കൈകളിലുള്ള രോഗ ശമനത്തെ പറ്റി ഹദ്റത്ത് മുസ്‌ലിഹ്മൗഊദ് ഇങ്ങനെ പറയുന്നു: 'അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്ത് ചില രോഗികൾക്ക് അനിതര സാധാരണമായ രോഗശമനം കിട്ടുന്നത് നമ്മൾ കണ്ടിട്ടുണ്ട്. പ്രത്യേകിച്ചും ഭൗതികമാർഗങ്ങൾ ഉപയോഗിക്കാതെ അല്ലെങ്കിൽ ഭൗതികമാർഗങ്ങൾ ഉപകാരപ്പെടാതെ വരുന്ന സന്ദർഭങ്ങളിൽ! നബി(സ) തിരുമേനിയുടെ ജീവിതസംഭവങ്ങളിൽ ഇത്തരം രോഗശമനത്തിന്റെ ഒരു ഉദാഹരണം നമുക്ക് ഖയ്ബർ വേളയിലാണ് കാണാൻ കഴിയുന്നത്. ഖയ്ബർ യുദ്ധാവസരത്തിൽ ഒരു ദിവസം നബി(സ)തിരുമേനി സ്വഹാബാക്കളോട് പറഞ്ഞു: 'ഞാൻ പതാക നൽകുന്ന വ്യക്തി മുഖേനയാണ് ഇന്ന് ഖയ്ബർ വിജയം വിധിക്കപ്പെട്ടിരിക്കുന്നത്.' ഹദ്റത്ത് ഉമർ(റ) പറയുന്നു: അങ്ങനെ ആ സമയം സമാഗതമായപ്പോൾ പതാക എനിക്ക് നൽകുമെന്നു ഞാൻ കരുതി. ഞാൻ കഴുത്തുനീട്ടി നോക്കാൻ തുടങ്ങി. പക്ഷേ, നബി(സ)തിരുമേനി അദ്ദേഹത്തെ ആ ജോലിക്കുവേണ്ടി നിയോഗിച്ചില്ല. ഇത്രയുമായപ്പോഴേക്കും ഹദ്റത്ത് അലി എത്തി. അദ്ദേഹത്തിന്റെ കണ്ണുകൾക്ക് തീരെ സുഖമില്ലായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ കണ്ണുകൾക്ക് മീതെ തന്റെ ഉമിനീർതേച്ചു. അപ്പോൾ കണ്ണുകൾ ക്ഷണത്തിൽ സുഖമായി. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ കൈയിൽ പതാക ഏൽപ്പിച്ചുകൊണ്ട് ഖയ്ബർ കീഴടക്കേണ്ട ഉത്തരവാദിത്വം അദ്ദേഹത്തിന് നൽകി.(ഹസ്തീബാരീ തആലാ, അൻവാറുൽഉലൂം, വാള്യം 6, പേജ് 327)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)പറയുന്നു: 'ഹദ്റത്ത് അലിയുടെ ഒരു സംഭവം വിശ്വാസ വർധനവിന് ഏറെ സഹായകമാണ്. ഖയ്ബർ യുദ്ധത്തിൽ ഒരു വലിയ യഹൂദ ജർണൽ ഉണ്ടായിരുന്നു. നീണ്ട നേരം അയാളുമായി യുദ്ധം ചെയ്തതാണ്, കാരണം അയാൾക്കും യുദ്ധനൈപുണ്യമുണ്ട്. അതുകൊണ്ട് കുറെ നേരം പോരാട്ടം നടന്നു. അവസാനം ഹദ്റത്ത് അലി, അയാളെ കീഴ്പ്പെടുത്തുകയും അയാളുടെ നെഞ്ചിൽ ഇരിക്കുകയും ചെയ്തു. വാൾകൊണ്ട് അയാളുടെ ഗളച്ഛേദം ചെയ്യാൻ ആഗ്രഹിച്ചു. ഇത്രയുമായപ്പോഴേക്കും ആ യഹൂദി, ഹദ്റത്ത് അലിയുടെ മുഖത്തേക്ക് തുപ്പി.അപ്പോൾഹദ്റത്ത് അലി അയാളെ വിട്ടു എഴുന്നേറ്റു. ആ യഹൂദി ഏറെ അത്ഭുതപ്പെട്ടു. അയാൾചോദിച്ചു: എന്നെ കീഴ്പ്പെടുത്തിയശേഷം താങ്കൾ ഇതെന്താണ് ചെയ്തത്? അതായത് ഹദ്റത്ത് അലി എ ന്നെ പൂർണമായും കീഴ്പ്പെടുത്തിയശേഷം പിന്നെ എന്തിനാണ് വിട്ടത്? എന്നെ വധിക്കാൻ കഴിവുണ്ടായിരുന്നിട്ടും എന്നെ എന്തിനാണ് വെറുതെ വിട്ടത്? അയാൾ ചോദിച്ചു: താങ്കളെന്തുകൊണ്ടാണ് എന്നെ വിട്ടുമാറിപ്പോയത്? അദ്ദേഹം പറഞ്ഞു: ഞാൻ നിനക്കെതിരിൽ അല്ലാഹുവിനുവേണ്ടി ദൈവപ്രീതി നേടാൻ യുദ്ധം ചെയ്യുകയായിരുന്നു. എന്നാൽ. നീ എന്റെ മുഖത്തുതുപ്പിയപ്പോൾ എനിക്കു ദേഷ്യം വരികയുണ്ടായി. ഇനി ഞാൻ നിന്നെ വധിച്ചാൽ അത് എനിക്കുവേണ്ടിയായിരിക്കും. അല്ലാഹുവിന് വേണ്ടിയായിരിക്കുകയില്ല. അതുകൊണ്ട് ദേഷ്യം തണുക്കാൻ വേണ്ടിയാണ് ഞാൻ നിന്നെ വെറുതെവിട്ടത്. നിന്നെ വധിക്കുന്നത് എനിക്ക് വേണ്ടിയാകാൻ പാടില്ല.(സയ്റെ റൂഹാനീ നമ്പർ 2, അൻവാറുൽഉലൂം വാള്യം 16, പേജ് 74)

നിവേദനത്തിൽ വരുന്നു. ഹദ്റത്ത് അലി, തൗബ അധ്യായത്തിന്റെ പ്രാരംഭ ആയത്തുകൾ ഹജ്ജ് വേളയിൽ വിളംബരപ്പെടുത്തുകയുണ്ടായി. നിവേദനം ഇപ്രകാരമാണ്: സൂറ ബറാഅത്ത് അഥവാ സൂറ തൗബ ഇറങ്ങിയ സന്ദർഭത്തിൽ നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിനെ ഹജ്ജിനുള്ള അമീറായി നിശ്ചയിച്ച് അയച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയുടെ സവിധത്തിൽ ഇങ്ങനെ ഉണർത്തിച്ചു. 'യാ റസൂലല്ലാഹ്! അങ്ങ് ഈ സൂറത്ത് ഹദ്റത്ത് അബൂബക്റിന് അയച്ചുകൊടുത്താലും. അദ്ദേഹം അത് അവിടെ വിളംബരപ്പെടുത്തുന്നതാണ്.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'എന്റെ കുടുംബത്തിൽ പെട്ട ഒരാൾക്കല്ലാതെ മറ്റാർക്കും ഈ കടമ എനിക്കുവേണ്ടി നിർവഹിക്കാൻ സാധ്യമല്ല. തുടർന്ന് നബി(സ)തിരുമേനി ഹദ്റത്ത് അലിയെ വിളിച്ചു: അദ്ദേഹത്തോട് പറഞ്ഞു: സൂറ തൗബയുടെ പ്രാരംഭത്തിൽ അവതരിച്ചിട്ടുള്ള ഈ സൂക്തങ്ങളുമായി പോകുക. ജനങ്ങൾ മിനായിൽ സമ്മേളിക്കുമ്പോൾ അവരോട് ഇങ്ങനെ വിളംബരപ്പെടുത്തുക:'സ്വർഗത്തിൽ ഒരു നിഷേധിയും പ്രവേശിക്കുന്നതല്ല. ഈ വർഷത്തിനുശേഷംമേലിൽ ഒരു മുശ്‌രിക്കിനും (ബഹുദൈവാരാധകനും) ഹജ്ജ് ചെയ്യാൻ അനുമതി ഉണ്ടായിരിക്കുന്നതല്ല. ആർക്കുംതന്നെ നഗ്നനായി ബയ്തുല്ലാഹ് പ്രദിക്ഷണം ചെയ്യാനും അനുമതി ഉണ്ടാകുന്നതല്ല. ആരോടെങ്കിലും നബി(സ) തിരുമേനി ഉടമ്പടി എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ കാലാവധി പൂർത്തിയാക്കപ്പെടുന്നതായിരിക്കും.'നബി(സ)തിരുമേനിയുടെ ഒട്ടകമായ അള്ബായുടെ പുറത്തുകയറി ഹദ്റത്ത് അലി ബിൻ അബൂത്വാലിബ് യാത്ര തിരിച്ചു. വഴിയിൽത്തന്നെ ഹദ്റത്ത് അബൂബക്റിനെ കണ്ടുമുട്ടി. ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് അലിയെ വഴിയിൽ കണ്ടപ്പോൾ ചോദിച്ചു: താങ്കളെ അമീറാക്കിയിട്ടുണ്ടോ? അതല്ല താങ്കൾ എന്റെ കീഴിലായിരിക്കുമോ? ഹദ്റത്ത് അലി പറഞ്ഞു: താങ്കൾക്ക് കീഴിൽ. അങ്ങനെ അവർ രണ്ടുപേരും യാത്ര തുടർന്നു. ഹദ്റത്ത് അബൂബക്ർ, ഹജ്ജിൽ ജനങ്ങൾക്ക് മേൽനോട്ടം വഹിച്ചു. ആ വർഷവും ജാഹിലിയ്യാ കാലഘട്ടത്തിലുള്ളതുപോലെ തങ്ങളുടെ അതേ സ്ഥലങ്ങളിൽത്തന്നെ അറബികൾ തമ്പടിച്ചിരുന്നു. അങ്ങനെ ഖുർബാനിയുടെ ദിവസമെത്തിയപ്പോൾ ഹദ്റത്ത് അലി എഴുന്നേറ്റുനിന്നു. നിർദ്ദേശിച്ച കാര്യങ്ങൾ ജനങ്ങൾക്കിടയിൽ ഇങ്ങനെ വിളംബരപ്പെടുത്തി: 'ജനങ്ങളേ! സ്വർഗത്തിൽ ഒരു നിഷേധിയും പ്രവേശിക്കുന്നതല്ല. ഈ വർഷത്തിനുശേഷം മേലിൽ ഒരു ബഹുദൈവവിശ്വാസിക്കും ഹജ്ജ് ചെയ്യാനോ, നഗ്നനായി പ്രദിക്ഷണം ചെയ്യാനോ അനുമതി നൽകപ്പെടുന്നതല്ല. ആരെങ്കിലുമായി വല്ല ഉടമ്പടിയും ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ കാലാവധി പൂർത്തിയാക്കപ്പെടുന്നതായിരിക്കും. ഇന്നുമുതൽ 4 മാസക്കാലാവധിക്കുള്ളിൽ എല്ലാ ഗോത്രങ്ങൾക്കും തങ്ങളുടെ സമാധാന സ്ഥലങ്ങളിലേക്ക് അല്ലെങ്കിൽ സ്വന്തം പ്രദേശത്തേക്ക് പോകാൻ സാവകാശം നൽകുന്നുണ്ട്. ഇതിനുശേഷം ഏതെങ്കിലും ബഹുദൈവവിശ്വാസിയുമായി ഉടമ്പടിയോ കടപ്പാടോ ഉണ്ടാകുന്നതല്ല. അതേസമയം നബി(സ)തിരുമേനിയുമായി ചെയ്തിട്ടുള്ള ഉടമ്പടികൾക്ക് കാലാവധി കഴിയുന്നതുവരെ സാവകാശമുണ്ടായിരിക്കും. അതായത് നബി(സ)തിരുമേനി ചെയ്തിട്ടുള്ള ഉടമ്പടി ശേഷിക്കുന്നതാണ്. പുതിയൊരു ഉടമ്പടിയോ സന്ധിയോ ചെയ്യപ്പെടുന്നതല്ല. അതിനുശേഷം ഏതെങ്കിലും മുശ്‌രിക്ക് ഹജ്ജോ, ആരെങ്കിലും നഗ്നനായി ത്വവാഫോ ചെയ്തിട്ടില്ല. പിന്നീട് അവരിരുവും അതായത് ഹദ്റത്ത് അലിയും ഹദ്റത്ത് അബൂബക്റും നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരായി.(അസ്സീറത്തുന്നബവിയ്യ ലിഇബ്നി ഹിശാം, പേജ് 832, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ 2001)

ഇനി ഞാൻ വായിക്കാൻ എടുത്ത നിവേദനം നേരത്തെ ഒരു സ്വഹാബിയുടെ അനുസ്മരണത്തിൽ വിവരിച്ചതാണ്. ഇവിടെ അലിയുടെ പരാമർശത്തിലും അതു വായിക്കാം. മക്കാ ഫതഹ് ഹിജ്‌രി 8-ാം വർഷം റമദാൻ, അതായത് ക്രിസ്ത്വാബ്ദം 630 ജനുവരിയിലാണ് ഉണ്ടായത്. ഹദ്റത്ത് അലി(റ)നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി എന്നോടും സുബയ്റിനോടും മിഖ്ദാദ് ബിൻ അസ്‌വദിനോടും നിങ്ങൾ റൗളഖാഖ് എന്ന സ്ഥലത്ത് പോകണമെന്ന് കൽപ്പിച്ചു. ഇത് മക്കവിജയത്തിനു മുമ്പേയുള്ള സംഭവമാണ്. അവിടന്ന് പറഞ്ഞു: നിങ്ങൾ റൗളഖാഖ് എന്ന സ്ഥലത്ത് പോകുക. അവിടെ എത്തിയാൽ ഒട്ടകപ്പുറത്ത് യാത്ര ചെയ്യുന്ന ഒരു സ്ത്രീയെ കാണാം. അവളുടെ പക്കൽ ഒരു കത്തുണ്ട്. അത് നിങ്ങൾ അവളിൽ നിന്നു വാങ്ങിവരണം. ഞങ്ങൾ പുറപ്പെട്ടു. ഞങ്ങളുടെ കുതിര, അതിശ്രീഘ്രം ഞങ്ങളെയുംകൊണ്ടോടി. അങ്ങനെ ഞങ്ങൾ റൗളഖാഖ് എന്ന സ്ഥലത്ത് എത്തിയപ്പോൾ അവിടെ ഒട്ടകപ്പുറത്ത് യാത്ര ചെയ്യുന്ന സ്ത്രീയെ കണ്ടുമുട്ടി. ഞങ്ങൾ പറഞ്ഞു: കത്തെടുക്കൂ! അവൾ പറഞ്ഞു: എന്റെ കൈയിൽ കത്തൊന്നുമില്ല. ഞങ്ങൾ പറഞ്ഞു: നീ കത്ത് എടുത്തുതന്നേ പറ്റൂ. അല്ലെങ്കിൽ ഞങ്ങൾ നിന്നെ വിവസ്ത്രയാക്കി തിരയുന്നതാണ്. അപ്പോൾ അവൾ ആ കത്ത് തന്റെ തലമുടിക്കെട്ടി

നുള്ളിൽനിന്ന് പുറത്തെടുത്തു. ഞങ്ങൾ ആ കത്ത് നബി(സ)തിരുമേനിയുടെ സവിധത്തിൽ എത്തിച്ചു. അത് നോക്കിയപ്പോൾ അതിൽ ഇങ്ങനെ എഴുതിയിരുന്നു: 'ഹാത്വിബ് ബിൻ അബീ ബൽതഅ, മുശ്രികീങ്ങളായ ആളുകൾക്ക് എഴുതുന്നത്.'അദ്ദേഹം നബി(സ)തിരുമേനിയുടെ ഒരു പദ്ധതിയെപ്പറ്റി അറിയിപ്പ് കൊടുക്കുകയായിരുന്നു. നബി(സ)തിരുമേനി ഹാത്വിബ് ബിൻ ബൽതഅയെ വിളിച്ചു ചോദിച്ചു: ഹാത്വിബേ! ഇതെന്താണ്? അദ്ദേഹം കാരണം പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ കാര്യത്തിൽ ധിറുതിപ്പെടരുത്. ഞാൻ ഖുറയ്ശികളിൽനിന്ന് വന്നുചേർന്ന ആളാണ്. അവരിൽ പെട്ടയാളല്ല. അങ്ങയോടൊപ്പമുള്ള മറ്റു മുഹാജിരീങ്ങൾക്ക് മക്കയിൽ ബന്ധങ്ങളുണ്ട്. അതു മുഖേന അവർ തങ്ങളുടെ വീടും സമ്പത്തും സംരക്ഷിക്കുന്നു. എനിക്ക് മക്കക്കാരുമായി കുടുംബബന്ധമില്ലാത്തതുകൊണ്ട് എന്തെങ്കിലും ഔദാര്യം അവർക്ക് ചെയ്താൽ അവർ അതു മുഖേന ഒരു പക്ഷേ, എന്നെ പരിഗണിക്കുമെന്ന് ഞാൻ കരുതി. ഞാൻ നിഷേധംകൊണ്ടോ മതനിരാസംകൊണ്ടോ അല്ല ഇങ്ങനെ ചെയ്തത്. ഞാൻ നിഷേധിക്കുകയോ മതമുപേക്ഷിക്കുകയോ ചെയ്തിട്ടില്ല. ഞാൻ ഇസ്‌ലാം ഉപേക്ഷിച്ചിട്ടില്ല. ഞാൻ കപടവിശ്വാസി ആയിട്ടുമില്ല. ഞാൻ അതിനു വേണ്ടിയല്ല ഇങ്ങനെ ചെയ്തത്. ഇസ്‌ലാം സ്വീകരിച്ചതിനു ശേഷം എനിക്കൊരിക്കലും കുഫ്ർ ഇഷ്ടപ്പെടാൻ സാധ്യമല്ല. ഞാൻ അങ്ങേയ്ക്ക് ഇതേക്കുറിച്ച് ഉറപ്പ് നൽകുന്നു. ഇതുകേട്ടപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അദ്ദേഹം നിങ്ങളോട് സത്യമാണ് പറഞ്ഞത്. അതായത് അദ്ദേഹം പറഞ്ഞത് നബി(സ)തിരുമേനി അംഗീകരിച്ചു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 840)(സ്വഹീഹുൽബുഖാരി, കിതാബുൽ ജിഹാദ്, ബാബുൽ ജാസൂസ് ഹദീഥ് 3007, ഉർദു തർജമ സ്വഹീഹുൽബുഖാരി, സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്, വാള്യം 5, പേജ് 350–352, പ്രസാധകർ നള്ാറത്ത് ഇശാഅത്ത് റബ്വ)

ഈ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഒരു ദുർബലനായ സ്വഹാബി, നബി(സ)തിരുമേനി പതിനായിരം പേരടങ്ങുന്ന സൈന്യവുമായി വരുന്നുണ്ടെന്ന് പറഞ്ഞ് മക്കക്കാർക്ക് കത്തയച്ചു. അവർ എങ്ങോട്ടാണ് പോകുന്നതെന്ന് എനിക്കറിയില്ല. പക്ഷേ, മക്കയിലേക്കാണെന്ന് ഞാൻ അനുമാനിക്കുന്നു. മക്കയിൽ എന്റെ ചില സാധുക്കളായ ബന്ധുമിത്രാദികളുണ്ട്. ഈ ദുർഘടസന്ധിയിൽ നിങ്ങൾ അവരെ സഹായിക്കുമെന്നും അവർക്ക് ഒരു പ്രയാസവുമുണ്ടാകുകയില്ലെന്നും ഞാൻ പ്രതീക്ഷിക്കുന്നു.' ഈ കത്ത് മക്കയിലെത്തിയിട്ടുണ്ടായിരുന്നില്ല. നബി(സ)തിരുമേനി ഹദ്റത്ത് അലിയെ വിളിച്ചു പറഞ്ഞു: 'നിങ്ങൾ ഇന്ന സ്ഥലത്ത് പോകണം. അവിടെ ഒട്ടകപ്പുറത്ത് യാത്ര ചെയ്യുന്ന ഒരു സ്ത്രീയെ കാണുമെന്നും മക്കക്കാർക്കുള്ള ഒരു കത്ത് അവളുടെ പക്കലുണ്ടെന്നും അല്ലാഹു എനിക്ക് അറിയിപ്പ് നൽകിയിരിക്കുന്നു. നിങ്ങൾ ആ കത്ത് ആ സ്ത്രീയിൽ നിന്ന് വാങ്ങി ഉടൻ തന്നെ എന്റെ അടുത്ത് എത്തിക്കണം.' അദ്ദേഹം പുറപ്പെട്ടപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'നോക്കുക, അതൊരു സ്ത്രീയാണ്. കൂടുതൽ കാഠിന്യം കാണിക്കരുത്. നിർബന്ധിച്ചാൽമതി. അവളുടെ കൈയിൽ കത്തുണ്ടെന്ന കാര്യത്തിൽ സമ്മർദ്ദം ചെലുത്തുക. എന്നിട്ടും അവർ സമ്മതിക്കാതിരിക്കുകയും നിങ്ങളുടെ നല്ല വാക്കുകൾ അംഗീകരിക്കാതിരിക്കുകയുമാണെങ്കിൽ നിങ്ങൾക്ക് ശക്തി ചെലുത്താവുന്നതാണ്. ഇനി അവളെ വധിക്കേണ്ടിവന്നാൽ അങ്ങനെയും ആകാവുന്നതാണ്. പക്ഷേ, കത്ത് പോകാൻ ഇട വരരുത്.' അങ്ങനെ ഹദ്റത്ത് അലി(റ) അവിടെയെത്തി. അവിടെ ആ സ്ത്രീ ഉണ്ടായിരുന്നു. അവർ കരയാനും സത്യം ചെയ്യാനും തുടങ്ങി. എന്നെ പരിശോധിക്കാൻ ഞാൻ കലാപകാരിയോ വഞ്ചകയോ ആണോ? അവർ ചോദിച്ചു. ഏതായലും അദ്ദേഹം അവളുടെ പോക്കറ്റുകളും സാമഗ്രികളും പരിശോധിച്ചെങ്കിലും കത്തുകിട്ടിയില്ല. സ്വഹാബാക്കൾ പറഞ്ഞു: ഈ കത്ത് അവളുടെ കൈയിലില്ലെന്നാണ് തോന്നുന്നത്. ഹദ്റത്ത് അലിക്ക് ദേഷ്യം വരുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! നബി(സ)തിരുമേനി ഒരിക്കലും കളവ് പറയുകയില്ല.' അങ്ങനെ അദ്ദേഹം ആ സ്ത്രീയോട് പറഞ്ഞു: 'മുഹമ്മദ് റസൂലുല്ലാഹ്(സ) നിന്റെ കൈയിൽ കത്തുണ്ടെന്ന് പറയുന്നു. അല്ലാഹുവാണ! ഞാൻ കളവല്ല പറയുന്നത്.' പിന്നെ അദ്ദേഹം വാൾ പുറത്തെടുത്തുകൊണ്ട് പറഞ്ഞു: 'നേരെ എടുത്തു തരുമെങ്കിൽതരിക. അല്ലെങ്കിൽ ഓർക്കുക! നിന്നെ നഗ്നയാക്കി പരിശോധിക്കേണ്ടിവന്നാൽ ഞാൻ അതും ചെയ്യുന്നതാണ്. കാരണം നബി(സ)തിരുമേനി സത്യമാണ് പറഞ്ഞത്. നീയാണ് കളവ് പറയുന്നത്.' അപ്പോൾ ആ സ്ത്രീ ഭയപ്പെടുകയും നഗ്നയാക്കുമെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ തന്റെ തലമുടിക്കെട്ടഴിച്ച് അതിൽ വെച്ചിരുന്ന കത്ത് എടുത്തുകൊടുക്കുകയും ചെയ്തു.(സയ്റെ റൂഹാനീ(7), അൻവാറുൽഉലൂം, വാള്യം 24, പേജ് 262–263)

മറ്റൊരിടത്ത് ഈ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'നബി(സ)തിരുമേനിയുടെ കാലത്ത് ഒരു സ്വഹാബി, തന്റെ ബന്ധുക്കൾക്ക് മക്കയിലേക്ക് മുസ്‌ലിമീങ്ങൾ നടത്തിവരുന്ന നീക്കത്തെ സംബന്ധിച്ച് അറിയിപ്പ് നൽകാനാഗ്രഹിച്ചു. അങ്ങനെ ആ സഹാനുഭൂതിയിൽ അവർ അദ്ദേഹത്തിന്റെ കുടുംബ ബന്ധുക്കളോട് നല്ല നിലയിൽ വർത്തിക്കുമെന്ന് അദ്ദേഹം കരുതി. എന്നാൽ, നബി(സ)തിരുമേനിക്ക് ഇൽഹാം മുഖേന ഇക്കാര്യത്തെപ്പറ്റി അറിവ് ലഭിച്ചു. നബി(സ) തിരുമേനി ഹദ്റത്ത് അലിയെയും ഏതാനും സ്വഹാബാക്കളെയും അയച്ചിട്ട് പറഞ്ഞു: 'ഇന്ന സ്ഥലത്ത് ഒരു സ്ത്രീയുണ്ട്. അവിടെപോയി അവളിൽ നിന്ന് ആ കടലാസ് കൊണ്ടുവരണം.' അവർ അവിടെ എത്തി ആ സ്ത്രീയോട് കടലാസ് ആവശ്യപ്പെട്ടു. അവളാകട്ടെ അത് നിഷേധിക്കുകയാണുണ്ടായത്. ചില സ്വഹാബാക്കൾ പറഞ്ഞു: 'ഒരുപക്ഷേ, നബി(സ)തിരുമേനിക്ക് തെറ്റിയതായിരിക്കും.' ഹദ്റത്ത് അലി പറഞ്ഞു: 'അല്ല, നബി(സ)തിരുമേനി പറഞ്ഞത് ഒരിക്കലും തെറ്റാകുകയില്ല. അവളിൽ നിന്ന് കടലാസുകിട്ടാതെ ഞാൻ ഇവിടെ നിന്ന് മാറുന്നതല്ല.' അങ്ങനെ അദ്ദേഹം ആ സ്ത്രീയെ ശകാരിച്ചപ്പോൾ അവൾ ആ കത്തെടുത്തു കൊടുത്തു.(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 4, പേജ് 182–183, ജുമുഅ ഖുത്ബ 25–9–1914)

മക്കാവിജയാവസരത്തിൽ നബി(സ)തിരുമേനി മസ്ജിദ് ഹറാമിൽ ഇരിക്കുകയായിരുന്നു. ഹദ്റത്ത് അലി(റ), നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. അദ്ദേഹത്തിന്റെ കൈയിൽ കഅ്ബയുടെ താക്കോലുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞങ്ങൾക്ക് ഹജ്ജ് വേളയിൽ വെള്ളംകൊടുക്കുന്ന ജോലിയോടൊപ്പം, കഅ്ബയുടെ ആവരണം ചെയ്ത ഭാഗം തുറക്കാനും പൂട്ടാനുമുള്ള ഉത്തരവാദിത്വവും ഏൽപ്പിച്ചു തന്നാലും.' നബി(സ)തിരുമേനി ചോദിച്ചു: 'ഉഥ്മാൻ ബിൻ ത്വൽഹ എവിടെ?' അദ്ദേഹത്തെ വിളിപ്പിച്ചു. നബി(സ) തിരുമേനി പറഞ്ഞു: 'ഉഥ്മാൻ! ഇത് നിന്റെ താക്കോലാകുന്നു. ഇന്ന് നന്മയുടെയും കൂറിന്റേയും ദിവസമാകുന്നു.' നബി(സ)തിരുമേനി ഹദ്റത്ത് അലിയോട് പറഞ്ഞു: 'നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന ഒരു കാര്യം ഞാൻ നിങ്ങളെ ഏൽപ്പിക്കുന്നതല്ല. നിങ്ങൾക്ക് നന്മയും അനുഗ്രഹവുമുള്ളതാണ് നിങ്ങൾക്ക് നൽകുക. നിങ്ങൾ സ്വയം ഉത്തരവാദിത്വം ഏറ്റെടുക്കാൻ ആഗ്രഹിക്കുന്ന കാര്യവും ഞാൻ നിങ്ങളെ ഏൽപ്പിക്കുന്നതല്ല. ചോദിച്ചു വാങ്ങുകയാണെങ്കിൽ തരുന്നതല്ല.'(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 744, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2001)

ഹദ്റത്ത് ഉമ്മു ഹാനി ബിൻത് അബീ ത്വാലിബ്(റ) പറയുന്നു: നബി(സ)തിരുമേനി മക്കയുടെ മേൽ പ്രദേശത്ത് തമ്പടിച്ചപ്പോൾ ബനീ മഖ്സൂമിലുള്ള എന്റെ ഭർതൃബന്ധത്തിൽപെട്ട രണ്ടുപേർ എന്റെ അടുത്ത് ഓടിയെത്തി. ഹദ്റത്ത് ഉമ്മു ഹാനി പറയുന്നു: 'എന്റെ സഹോദരൻ അലി എന്റെ അടുക്കലെത്തി പറഞ്ഞു: 'ഞാൻ അവർ രണ്ടുപേരേയും വധിക്കുന്നതാണ്.' ഹദ്റത്ത് ഉമ്മുഹാനി(റ) പറയുന്നു: 'ഞാൻ അവരെ രണ്ടുപേരെയും വീട്ടിൽ കയറ്റി കതകടച്ച ശേഷം, മക്കയുടെ മുകൾ പ്രദേശത്ത് നബി(സ)തിരുമേനിയുടെ അടുക്കലെത്തി. നബി(സ)തിരുമേനി അവിടെ ഒരു പാത്രം വെള്ളത്തിൽ കുളിക്കുന്നതായി ഞാൻ കണ്ടു. ആ പാത്രത്തിൽ മാവുകുഴച്ചതിന്റെ അടയാളമുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ മകൾ ഹദ്റത്ത് ഫാതിമ ഒരു തുണി കൊണ്ട് മറയുണ്ടാക്കി പിടിച്ചിരുന്നു. കുളി കഴിഞ്ഞ് അവിടന്ന് തന്റെ വസ്ത്രംമാറ്റി. തുടർന്ന് ളുഹാ നേരത്തുള്ള 8 റക്അത്ത് നമസ്കരിച്ചു. പിന്നെ എന്നിലേക്ക് തിരിഞ്ഞു പറഞ്ഞു: 'ഉമ്മുഹാനി സ്വാഗതം! നിങ്ങൾ വരാൻ എന്താണ് ഇടയായത്?' അവർ, ആ രണ്ടുപേരെ സംബന്ധിച്ചും ഹദ്റത്ത് അലി ഇന്ന രീതിയിൽ അവരെ വധിക്കുമെന്ന് പറഞ്ഞതും താൻ

**തിരുനബിയുടെ തിരുമൊഴികൾ:**

**അബ്ദുല്ലാഹ് ബിൻ ഉമർ(റ)പറഞ്ഞു:നബി(സ)തിരുമേനി റമളാനിൽ, ഫിത്ർ സകാത്ത് ജനങ്ങൾക്ക് നിർബന്ധമാക്കി. ഒരു സ്വാഅ് ഈത്തപ്പഴം അല്ലെങ്കിൽ ഒരു സ്വാഅ് യവം;മുസ്‌ലിമീങ്ങളിലെ എല്ലാ സ്വതന്ത്രനും അടിമക്കും സ്ത്രീക്കും പുരുഷനും.'(മുസ്‌ലിം, ഹദീഥ് 520)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

**തിരുനബിയുടെ തിരുമൊഴികൾ:**

**അബ്ദുല്ലാഹ് ബിൻ ഉമർ(റ)നിവേദനം. അദ്ദേഹം പറഞ്ഞു: 'ഫിത്ർ സകാത്ത് ജനങ്ങൾ പെരുന്നാൾ നമസ്കാരത്തിന് പുറപ്പെടും മുമ്പേ നൽകാൻ നബി(സ)തിരുമേനി കല്പിച്ചിരിക്കുന്നു.' (മുസ്‌ലിം, ഹദീഥ് 522)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala**

അവരെ വീട്ടിൽ ഒളിപ്പിച്ചിരിക്കുന്ന കാര്യവും പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ അഭയം കൊടുത്തവർക്ക് നാമും അഭയം നൽകിയിരിക്കുന്നു. നിങ്ങൾ സംരക്ഷണം നൽകിയവർക്ക് നമ്മുടെയും സംരക്ഷണമുണ്ട്. അദ്ദേഹം അവരെ വധിക്കുന്നതല്ല.' അതായത് നബി(സ) പറഞ്ഞു: ഹദ്റത്ത് അലി അവരെ വധിക്കുകയില്ല.(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, പേജ് 744, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2001)

നബി(സ)തിരുമേനി ഹുവയ്റഥ് ബിൻ നുഖയ്ദിനെ വധിക്കാൻ കല്പിച്ചിട്ടുണ്ടായിരുന്നു. കാരണം അയാൾ മക്കയിൽ നബി(സ)തിരുമേനിയെ ഒരുപാട് ദ്രോഹിച്ചിരുന്നു. നബി(സ) തിരുമേനിയെ വേദനിപ്പിക്കാൻ വലിയ വർത്തമാനം പറയുകയും അസഭ്യം പുലമ്പുകയും ചെയ്തിരുന്നു. നബി(സ)തിരുമേനിയുടെ പിതൃവ്യൻ ഹദ്റത്ത് അബ്ബാസ് ഹദ്റത്ത് ഫാത്വിമയേയും ഹദ്റത്ത് ഉമ്മുമക്ത്തൂമിനേയും മദീനയിലേക്കയക്കാൻ ഒട്ടകപ്പുറത്ത് കയറ്റിയപ്പോൾ ഹുവയ്സ് ഒട്ടകത്തെ വീഴ്ത്തുകയും ചെയ്തിരുന്നു. ഹദ്റത്ത് അലി, മക്കാവിജയത്തിന്റെ അവസരത്തിൽ ഹുവയ്റഥ് ബിൻ നുഖയ്ദിനെ വധിക്കുകയുണ്ടായി. അപ്പോൾ അയാൾ ഓടിപ്പോകാൻ ഇറങ്ങിക്കഴിഞ്ഞിരുന്നു.(അസ്സീറത്തുൽഹൽബിയ്യ, വാള്യം 3, പേജ് 131, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ 2002)

ഹുനയ്ൻ യുദ്ധം ഹിജ്റ 8ാം വർഷം ശവ്വാൽമാസത്തിലാണുണ്ടായത്. നിവേദനത്തിൽ പറയുന്നു: 'ഹുനയ്ൻ യുദ്ധാവസരത്തിൽ മുഹാജിരീങ്ങളുടെ പതാക ഹദ്റത്ത് അലിയുടെ കൈയിലായിരുന്നു ഉണ്ടായിരുന്നത്. ഹുനയ്നിൽ രൂക്ഷമായ യുദ്ധമാണുണ്ടായത്. സത്യനിഷേധികളുടെ ആക്രമണം കാരണം നബി(സ)തിരുമേനിയുടെ അടുക്കൽ ഏതാനും സ്വഹാബാക്കൾ മാത്രമായി. ആ കുറച്ചു സ്വഹാബാക്കളിൽ ഹദ്റത്ത് അലിയുമുണ്ടായിരുന്നു.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 840)(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 2, പേജ് 325, മുആദ് ബിൻ ജബൽ(റ), പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് ബെയ്റുത്ത് ലബ്നാൻ 1996)

ഹുനയ്ൻ യുദ്ധത്തിൽ മുശ്രിക്കീങ്ങളുടെ അണിയിൽ ചെമന്ന ഒട്ടകപ്പുറത്ത് ഒരാളുണ്ടായിരുന്നു. അയാളുടെ കൈയിൽ ഒരു കറുത്ത പതാകയുമുണ്ടായിരുന്നു. ഈ പതാക നീളമുള്ള ഒരു അമ്പിലാണ് കെട്ടിയിരുന്നത്. ബനൂ ഹവാസിനിലെ ആളുകൾ ഇയാൾക്ക് പിന്നിലുണ്ടായിരുന്നു. ആരെങ്കിലും അയാളുടെ വൃത്തത്തിൽ വന്നുപെട്ടാൽ അയാൾ ഉടൻതന്നെ കുന്തംകൊണ്ട് അയാളെ കുത്തിയിരുന്നു. ആരെങ്കിലും അയാളുടെ കുന്തത്തിൽനിന്ന് രക്ഷപ്പെട്ടാൽ അയാൾ തന്റെ പിന്നിലുള്ളവർക്ക് കുന്തംകൊണ്ടു സൂചന നൽകുകയും അവരെല്ലാവരും ആ വ്യക്തിക്കുമേൽ ചാടിവീഴുകയും ചെയ്തിരുന്നു. അയാൾ അങ്ങനെ ആക്രമിച്ച് ചുറ്റിക്കറങ്ങുകയായിരുന്നു. പെട്ടെന്ന് ഹദ്റത്ത് അലിയും ഒരു അൻസ്വാർ സ്വഹാബിയും അയാളെ ശ്രദ്ധിക്കാനിടയാകുകയും അവർ അയാളെ വധിക്കാൻ കുതിക്കുകയുംചെയ്തു. ഹദ്റത്ത് അലി അയാളുടെ പിന്നിലൂടെവന്ന് ഒട്ടകത്തിന്റെ പൂഞ്ഞയിൽവെട്ടി. അതോടെ ഒട്ടകം പിന്നിലേക്ക് മറിഞ്ഞടിച്ചുവീണു. അതേസമയത്തുതന്നെ അൻസ്വാരി സ്വഹാബി അയാൾക്കുമേൽ ചാടിവീഴുകയും അയാളുടെ കാലുകൾ കണങ്കാലിൽവച്ച് മുറിക്കുകയും ചെയ്തു. അതേസമയത്ത് മുസ്‌ലിമീങ്ങൾ മുശ്രിക്കീങ്ങൾക്കുമേൽ ശക്തമായൊരു ആക്രമണം നടത്തി.' (അസ്സീറത്തുൽഹൽബിയ്യ, വാള്യം 3, പേജ് 158, ബാബു ദിക്റ മഗാസിയ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ 2002)

ഹദ്റത്ത് അലിയുടെ ഭാഗത്തുനിന്ന് ബനൂ ത്വയ്യിലേക്ക് നടത്തിയ യുദ്ധനീക്കത്തെ പറ്റി പറയുന്നു: 'നബി(സ)തിരുമേനി ഹദ്റത്ത് അലിയെ 150 ആളുകളോടൊപ്പം ബനൂ ത്വയ്യിയുടെ 'ഫുൽസ്' ബിംബത്തെ തകർക്കാൻ വേണ്ടി അയച്ചിരുന്നു. ബനൂ ത്വയ്യിയുടെ പ്രദേശം മദീനയുടെ വടക്കുകിഴക്കു ഭാഗത്താണ് സ്ഥിതിചെയ്യുന്നത്. യുദ്ധത്തിനുവേണ്ടി നബി(സ)തിരുമേനി ഹദ്റത്ത് അലിക്ക് കറുത്ത നിറമുള്ള വലിയ പതാകയും ഒരു ചെറിയ വെള്ള പതാകയും നൽകിയിരുന്നു. ഹദ്റത്ത് അലി(റ)രാവിലെ നേരത്ത് ഹാത്തിം ഗോത്രത്തിനുമേൽ ആക്രമണം നടത്തി. അവരുടെ ഫുൽസ് വിഗ്രഹത്തെ തകർത്തു. ഹദ്റത്ത് അലി ബനൂ ത്വയ്യിയുടെ എല്ലാ സമ്പത്തും സമരാർജിതസ്വത്തുക്കളായും ബന്ദികളായും പിടിച്ചെടുത്ത് മദീനയിൽ തിരിച്ചെത്തി.(അസ്സീറത്തുൽഹൽബിയ്യ, ഭാഗം 2, പേജ് 331, പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് ബെയ്റുത്ത് ലബ്നാൻ 1996)

തബൂക്ക് യുദ്ധം ഹിജ്‌രി ഒമ്പതാം വർഷം റജബ് മാസത്തിലാണ് നടന്നത്. ഇതുസംബന്ധിച്ച നിവേദനത്തിൽ, മുസ്അബ് ബിൻ സഅ്ദ് തന്റെ പിതാവിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി മദീനയിൽനിന്ന് പുറപ്പെട്ടപ്പോൾ ഹദ്റത്ത് അലിയെ മദീനയിൽ തന്റെ പ്രതിനിധിയായി നിശ്ചയിച്ചു. ഹദ്റത്ത് അലി പറഞ്ഞു: 'അങ്ങ് എന്നെ കുട്ടികൾക്കും സ്ത്രീകൾക്കുമിടയിൽവിട്ടു പോവുകയാണോ?' നബി(സ)തിരുമേനി ചോദിച്ചു: 'നിന്റെ സ്ഥാനം എന്റെ പക്കൽ ഹാറൂന് മൂസായുടെ പക്കൽ ഉണ്ടായിരുന്നതാണ് എന്ന കാര്യത്തിൽ നിനക്ക് സന്തോഷമില്ലേ? എന്നാൽ, എനിക്കുശേഷം നബിയില്ല.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 842)(സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ബാബു ഗസ്വത്തി തബൂക്ക വഹിയ ഗസ്വത്തുൽ ഉസ്റത്തി ഹദീഥ് 4416)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവം വിവരിച്ചുകൊണ്ട് പറയുന്നു: 'നബി(സ)തിരുമേനി ഒരിക്കൽ യുദ്ധത്തിന് പുറപ്പെട്ടപ്പോൾ ഹദ്റത്ത് അലി(റ)യെ തന്റെ പിൻഗാമിയായി നിശ്ചയിച്ചിരുന്നു. അവിടെ കപടവിശ്വാസികൾ മാത്രമാണുണ്ടായിരുന്നത്. അതുകൊണ്ട് അദ്ദേഹം പ്രയാസപ്പെട്ട് നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. തന്നേയുംകൊണ്ടു പോകണമെന്ന് അപേക്ഷിച്ചു. നബി(സ)തിരുമേനി അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു: *അലാ തർളാ അൻതകൂന മിന്നീ ബി മൻസിലത്തി ഹാറൂന മിൻമ്മൂസാ ഇല്ലാ അന്നഹു ലയ്സ നബിയ്യുൻ ബഅ്ദീ* അലീ, എനിക്കും നിനക്കും തമ്മിലുള്ള ബന്ധം ഹാറൂനും മൂസായും പോലെയാകുന്നു. ഒരു ദിവസം നീയും ഹാറൂനെ പോലെ എന്റെ ഖലീഫയാകും. ഈ ബന്ധമുണ്ടെങ്കിലും നീ നബിയായിരിക്കില്ല. (ഖിലാഫത്തെ റാശിദ, അൻവാറുൽഉലൂം വാള്യം 15, പേജ് 579)

നബി(സ)തിരുമേനി, ഹദ്റത്ത് അലിയെ യമനിലേക്ക് അയച്ചതു സംബന്ധിച്ച് വരുന്നു, ഹിജ്‌രി 10ന് നബി(സ)തിരുമേനി ഹദ്റത്ത് അലിയെ യമനിലേക്ക് നിയോഗിച്ചു. അതിനുമുമ്പേ യമൻകാരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻവേണ്ടി നബി(സ) തിരുമേനി ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ അയച്ചിരുന്നു. എന്നാൽ, ജനങ്ങൾ നിരാകരിക്കുകയാണുണ്ടായത്. തുടർന്നാണ് നബി(സ)തിരുമേനി ഹദ്റത്ത് അലിയെ അയച്ചത്. ഹദ്റത്ത് അലി, യമൻ നിവാസികൾക്ക് നബി(സ)തിരുമേനിയുടെ കത്ത് വായിച്ചുകേൾപ്പിച്ചു. തുടർന്ന് ഹമദാൻ വാസികളെല്ലാം ഇസ്‌ലാം സ്വീകരിച്ചു. ഹദ്റത്ത് അലി അവർ ഇസ്‌ലാം സ്വീകരിച്ചത് സംബന്ധിച്ച് നബി(സ)തിരുമേനിക്ക് കത്തയച്ചു. അവിടന്ന് ഹമദാന് സമാധാനമുണ്ടാകട്ടെ എന്ന് മൂന്നു പ്രാവശ്യം ആവർത്തിച്ചു പറയുകയുണ്ടായി. ഹമദാൻ, യമനിൽ മദീനയുടെ തെക്കുപടിഞ്ഞാറു ഭാഗത്ത് മദീനയിൽ നിന്ന് ഏകദേശം 1150 കിലോമീറ്റർ ദൂരെ സ്ഥിതിചെയ്യുന്ന പട്ടണമാകുന്നു. പിന്നെ യമൻകാരും ഇസ്‌ലാം സ്വീകരിച്ചു. ഹദ്റത്ത് അലി അതേക്കുറിച്ചും നബി(സ)തിരുമേനിക്ക് കത്തെഴുതി. നബി(സ)തിരുമേനി അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ച് സുജൂദ് ചെയ്യുകയുണ്ടായി. (അൽകാമിൽ ഫിത്താരീഖ്, വാള്യം 2, പേജ് 168, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2006)(ഗസ്വാത്ത് വ സറായാ, അല്ലാമ മുഹമ്മദ്അള്ഹർ ഫരീദ് ശാഹ്, പേജ് 550, പ്രസാധകർ ഫരീദ് പബ്ലിഷേഴ്സ്, സാഹീവാൽ 2018)

ഹദ്റത്ത് അലി(റ) നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി എന്നെ യമനിലേക്ക് ഖാളിയായി അയച്ചു. ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് എന്നെ അയക്കുകയാണ്. ഞാൻ തികച്ചും യുവാവാകുന്നു. എനിക്ക് ഖളായെപറ്റി ഒന്നുംഅറിയില്ല.' അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'തീർച്ചയായും അല്ലാഹു നിന്റെ ഹൃദയത്തിന് ശരിയായ മാർഗനിർദേശം നൽകുകയും നിന്റെ നാവിന് സ്ഥൈര്യം നൽകുകയും ചെയ്യുന്നതാണ്. നിന്റെ മുന്നിൽ വഴക്കുമായി രണ്ടുപേർ വന്നാൽ, ആദ്യത്തെ ആളെ ശ്രദ്ധിച്ചതുപോലെ രണ്ടാമത്തെ ആളെയും കേൾക്കാതെ നീ തീരുമാനം കല്പിക്കരുത്. ഇങ്ങനെ ചെയ്യുന്നത് തീരുമാനമെടുക്കാൻ നിനക്ക് നല്ലതായിരിക്കും.' ഹദ്റത്ത് അലി(റ) പറയുന്നു: 'ഇതിനുശേഷം എനിക്ക് തീരുമാനമെടുക്കുന്നതിൽ ഒരിക്കലും സംശയമുണ്ടായിട്ടില്ല.'(സുനൻ അബൂദാവൂദ്, കിതാബുൽഅഖ്ളിയ, ബാബു കയ്ഫൽ ഖളാ, ഹദീഥ് നമ്പർ 3582)

ഹുദയ്ബിയ്യ സന്ധിയിൽ പങ്കെടുത്തിരുന്ന ഹദ്റത്ത് അംറ് ബിൻ അശ്അസ് അസ്‌ലമി പറയുന്നു: 'ഞാൻ ഹദ്റത്ത് അലി(റ)യുടെ കൂടെ യമനിലേക്ക് പുറപ്പെട്ടു. യാത്രാവേളയിൽ അദ്ദേഹം എന്നോട് പരുഷമായി പെരുമാറി. എനിക്ക് മനസ്സിൽ അദ്ദേഹത്തോട് അസ്വസ്ഥതതോന്നി. അങ്ങനെ യമനിൽ നിന്ന് തിരിച്ചുവന്നപ്പോൾ ഞാൻ അദ്ദേഹത്തെ പറ്റി പരാതി പറഞ്ഞു. അത് നബി(സ)തിരുമേനിയുടെ സവിധത്തിലുമെത്തി. ഒരുദിവസം മസ്ജിദിൽ പ്രവേശിച്ചപ്പോൾ നബി(സ)തിരുമേനി ഏതാനും സ്വഹാബാക്കളോടൊപ്പം ഇരിക്കുന്നുണ്ടായിരുന്നു. നബി(സ)തിരുമേനി എന്നെ കണ്ടപ്പോൾ തുറിച്ചു നോക്കി. അദ്ദേഹം പറയുന്നു: എന്നെ തീക്ഷ്ണമായി നോക്കി. അങ്ങനെ ഞാൻ അവിടെ ഇരുന്നപ്പോൾ എന്നോട് പറഞ്ഞു: 'അംറേ! അല്ലാഹുവാണ! നീ എന്നെ പ്രയാസപ്പെടുത്തിയിരിക്കുന്നു.' ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങേക്ക് ഞാൻ മുഖേന പ്രയാസമുണ്ടാകുന്നതിൽനിന്ന് ഞാൻ അല്ലാഹുവിൽ ശരണം പ്രാപിക്കുന്നു.' നബി(സ) തിരുമേനി പറഞ്ഞു: 'എന്തെന്നാൽ, അലിയെ ബുദ്ധിമുട്ടിച്ചവൻ എന്നെയും ബുദ്ധിമുട്ടിച്ചവനാകുന്നു.' ഇത് മുസ്നദ് അഹ്മദ് ബിൻ

ഹമ്പലിലെ ഹദീഥാകുന്നു. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 5, പേജ് 478-479, ഹദീഥ് അംറ് ബിൻ ശാസ്, ഹദീഥ് 16056, ആലമുൽകുതുബ് ബെയ്റൂത്ത് 1998)

ഹദ്റത്ത് അബൂസയീദ് ഖുദ്രി(റ) നിവേദനം. അദ്ദേഹം പറഞ്ഞു: (ഞാൻ ആദ്യം വായിച്ച നിവേദനം മുസ്നദിൽ ഉള്ളതാണ്. അടുത്ത നിവേദനം) ഒരിക്കൽ ജനങ്ങൾ ഹദ്റത്ത് അലിയെ പറ്റി പരാതി പറഞ്ഞപ്പോൾ നബി(സ)തിരുമേനി ഞങ്ങൾക്കിടയിൽ പ്രസംഗിക്കാൻ എഴുന്നേറ്റു. ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായികേട്ടു: 'ജനങ്ങളേ! നിങ്ങൾ അലിയെ പറ്റി പരാതി പറയരുത്. അല്ലാഹുവാണെ! അദ്ദേഹം തന്നെപറ്റി പരാതിപ്പെടുമോ എന്ന കാര്യത്തിൽ അല്ലാഹുവിനെ ഏറെ ഭയപ്പെടുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ഏറെ ഭയപ്പെടുന്നു എന്നും വന്നിട്ടുണ്ട്.' ഈ വിഷയം ഇനിയും തുടരുന്നതാണ്.

ഇനി ഞാൻ ദുആയിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. കഴിഞ്ഞ വെള്ളിയാഴ്ച, അൽജീരിയയെ പറ്റി പരാമർശിച്ചിരുന്നില്ല. അവിടേയും അഹ്മദികൾക്ക് വളരെ പ്രയാസകരമായ അവസ്ഥയാണുള്ളത്. ചിലരെ തടവിലാക്കിയിട്ടുണ്ട്. അല്ലാഹു അവിടെ അവസ്ഥകൾ എളുപ്പമാക്കുകയും തടവിലായവർക്ക് വേഗം മോചനം നല്കുകയും ചെയ്യുമാറാകട്ടെ. അവിടെ അവസ്ഥകൾ ദുഷ്കരമാണ്. സർക്കാറിന് നീതിയോടെ പ്രവർത്തിച്ച് അഹ്മദികൾക്ക് അനുകൂലമായ തീരുമാനമെടുക്കാൻ കഴിയുകയും ചെയ്യുമാറാകട്ടെ എന്ന് ദുആചെയ്യുക.

അതുപോലെ പാക്കിസ്താനിലെ അവസ്ഥകളും രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഞാൻ പറഞ്ഞിരുന്നതുപോലെ വ്യക്തിപരമായ നിലയിൽ അത്തരക്കാരായ ചില ഉദ്യോഗസ്ഥരുണ്ട്. അവർക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു ഈ മൗലവിമാർക്കും ഉദ്യോഗസ്ഥന്മാർക്കും ബുദ്ധി കൊടുക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ അല്ലെങ്കിൽ അവർക്ക് ബുദ്ധി ഉദിക്കുന്നില്ലെങ്കിൽ അതല്ല ഇങ്ങനെതന്നെ ചെയ്തുകൊണ്ടിരിക്കണമെന്നും അല്ലാഹുവിന്റെ പിടിയിൽ വരണമെന്നുമാണ് അവരുടെ വിധിയിലുള്ളതെങ്കിൽ അല്ലാഹു പിടികൂടണമെന്നുമാണ് അവരുടെ വിധിയെങ്കിൽ എത്രയും വേഗം അവരെ പിടികൂടാൻ സാഹചര്യമൊരുക്കുകയും അഹ്മദികൾക്ക് എളുപ്പമുണ്ടാക്കുകയും ചെയ്യുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ റബ്വയിലെ മുഹമ്മദ് അബ്ദുല്ലാഹ് സാഹിബിന്റെ മകൻ റശീദ് അഹ്മദ് സാഹിബിന്റെ ജനാസ ഗാഇബും നമസ്കരിക്കുന്നതാണ്. ഇദ്ദേഹം നമ്മുടെ അറബി ഡെസ്കിലെ മുറബ്ബി ത്വാഹിർ നദീം സാഹിബിന്റെ പിതാവാകുന്നു. ഒക്ടോബർ 28 ന് 76-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

അദ്ദേഹത്തിന്റെ കുടുംബത്തിൽ പിതാമഹൻ ഹദ്റത്ത് അബ്ദുൽ ഗഫൂർ സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് വന്നത്. അദ്ദേഹം തന്റെ മാതൃസഹോദരി പുത്രൻ ഹദ്റത്ത് അല്ലാഹ്ദത്താ സാഹിബിനോടൊപ്പം 1891-92 ൽ ഖാദിയാനിലെത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തിനു മുമ്പേയും അദ്ദേഹത്തിന് ഹുദൂറുമായി ബന്ധമുണ്ടായിരുന്നു. അദ്ദേഹം ഒരു സ്വപ്നത്തിൽ നബി(സ)തിരുമേനിയുടെ പതാക ഹദ്റത്ത് മസീഹ് മൗഊദ്(അ) കൈയിലേന്തിയതായി കാണുകയുണ്ടാക്കി. അങ്ങനെ ഹദ്റത്ത് മൗലവി അല്ലാഹ്ദത്താ സാഹിബ് തന്റെ മാതൃസഹോദരി പുത്രനായ ഹദ്റത്ത് മൗലവി അബ്ദുൽഗഫൂർ സാഹിബിനെ അതായത് പരേതന്റെ പിതാമഹനേയുംകൂട്ടി ഖാദിയാനിലെത്തി, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തു. തുടർന്ന് മൗലവി അല്ലാഹ്ദത്ത സാഹിബിന്റെ തബ്ലീഗ് മുഖേന അലിപൂർ, ഹസൻപൂർ, മുൽത്വാൻ എന്നിവിടങ്ങളിൽ നിരവധി പേർക്ക് അഹ്മദിയ്യത്തിൽ ചേരാൻ സൗഭാഗ്യം ലഭിച്ചു.

പരേതന് നീണ്ട കാലമായി ബഹാവൽപൂർ ജില്ലയിലെ തന്റെ ജമാഅത്തിൽ മാൽ സെക്രട്ടറിയായി സേവനം ചെയ്യാൻ സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. പരേതൻ സൽകർമിയും ശുദ്ധമനസ്കനും അതിഥി സൽക്കാരപ്രിയനും സഹാനുഭൂതിയുള്ള ആളുമായിരുന്നു. കുടുംബത്തിലേയും പ്രദേശത്തേയും സാധുക്കളുമായി ബന്ധമുള്ളയാളും നിശബ്ദമായി സാധുക്കളെ സഹായിക്കുന്ന വ്യക്തിയുമായിരുന്നു.

അദ്ദേഹത്തിന്റെ സന്തപ്തകുടുംബത്തിൽ ഭാര്യ സിദ്ദീഖബേഗം സാഹിബയുണ്ട്. ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഖാദിർ ബഖ്ശ് സാഹിബിന്റെ ദൗഹിത്രിയാണ്. പരേതൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ഇവരെക്കൂടാതെ സന്തപ്ത കുടുംബത്തിൽ അദ്ദേഹത്തിന്റെ മക്കളുമുണ്ട്; ഭാര്യയെക്കൂടാതെ 3 പെൺമക്കളും 2 ആൺകുട്ടികളും. ഞാൻ പറഞ്ഞതുപോലെ ഒരു മകൻ വഖ്ഫെ സിന്ദഗിയാണ്. ഇവിടെ അറബിക് ഡെസ്കിൽ മുറബ്ബിയായി സേവനം ചെയ്യുന്നു. അല്ലാഹു പരേതന് മഗ്ഫിറത്തും റഹ്മത്തും ഉന്നത സ്ഥാനങ്ങളും പ്രദാനം ചെയ്യുമാറാകട്ടെ. (വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി, ടൈപ്പ് സെറ്റിംഗ്: ഹാശിംഅശ്റഫ്, ആലപ്പുഴ)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

AL ISLAM

Al Islam - Official website of Ahmadiyya Muslim Community

(പേജ് 10ൽനിന്ന്)

വിലുള്ള വ്യവസ്ഥികളെ തകർക്കുകയും പുതിയ വ്യവസ്ഥിതി സ്വീകരിക്കുകയും ചെയ്യുക എന്ന് ദൈവദൂതൻ പറയുമ്പോൾ അക്കാര്യം എപ്പോഴും അത്തരക്കാർക്ക് അത്ഭുതമുളവാക്കുന്നതായിരുന്നു.

അവിശ്വാസികളുടെ ഈ രണ്ടുകാര്യവും വൈരുദ്ധ്യമുള്ളതാണ്. ഒരു ഭാഗത്ത് തങ്ങളെ ചികിത്സിക്കാൻ തങ്ങളിൽനിന്ന് ആർക്കും വരാൻ കഴിയില്ലെന്ന് വളരെ നിരാശയോടെ അവർ മനസ്സിലാക്കുന്നു. മറുഭാഗത്ത് തങ്ങളുടെ വ്യവസ്ഥിതി എന്തിനു മാറ്റുന്നുവെന്ന് പറഞ്ഞ് അവർ വഴക്കിടുന്നു. അധഃപതിച്ച ജനതകളുടെ അവസ്ഥയാണിത്. ഒന്നും ഉപേക്ഷിക്കേണ്ടിവരരുതെന്നും ഒന്നും ചെയ്യേണ്ടിവരരുതെന്നും അവർ ആഗ്രഹിക്കുന്നു. ഒരാൾ വെളിയിൽനിന്നുവന്ന് അവരുടെ നിലവിലുള്ള വ്യവസ്ഥിതി നിലനിറുത്തി അവരെ അഭിവൃദ്ധിയിലേക്ക് കൊണ്ടുപോകണം. അവർക്ക് ഒന്നും പഠിക്കേണ്ടിവരരുത്, അധ്വാനിക്കേണ്ടിവരരുത്. ബുദ്ധിമുട്ടേണ്ടിവരരുത്. ചീത്തക്കാര്യങ്ങൾ ഉപേക്ഷിക്കേണ്ടിയും വരരുത്. പ്രത്യുത ഒരാൾ പുറത്തുനിന്ന് വരികയും മറ്റുള്ളവരെ കൊല്ലുകയും എല്ലാം അവർക്ക് കിട്ടുകയും വേണം. അവരുടെ ആദ്യത്തെ വ്യവസ്ഥിതി ശരിയായിരുന്നെങ്കിൽ നിന്ദ്യതയിലും അധഃപതനത്തിലും വീണതെങ്ങനെ? എന്ന് അവർ ചിന്തിക്കുന്നതേയില്ല. അതുകൊണ്ട് അവരുടെ നിലവിലുള്ള വ്യവസ്ഥിതി തകർത്തുമാത്രമെ എന്തെങ്കിലും സാധ്യമാകുകയുള്ളൂ. (തഫ്സീറെ കബീർ, വാള്യം 3, പേജ് 16, ഖാദിയാൻ 2010)

## അമീറുൽ മുഅ്മിനീന് കത്തെഴുതുന്നവർക്കുള്ള അടിയന്തര വിളംബരം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ കത്തെഴുതുന്ന ജമാഅത്തിലെ എല്ലാ സ്ത്രീകളുടേയും പുരുഷന്മാരുടേയും അറിയിപ്പിന്നായി ഈ വിളംബരം ചെയ്യുകയാണ്:

"അവരുടെ എല്ലാ കത്തുകളും പതിവെന്നപോലെ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും കൊറോണ വൈറസ് കാരണത്താലുള്ള അവസ്ഥകൾകൊണ്ട് കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നവരിൽ കുറവു വന്നിരിക്കുന്നതിനാൽ ആ കത്തുകൾക്കെല്ലാം ഓരോരുത്തർക്കും മറുപടി നല്കുക എന്നത് അസംഭാവ്യമായിരിക്കുകയാണ്.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിച്ച് നിങ്ങൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു കൃപയും കരുണയും ചൊരിയുമാറാകട്ടെ. ഈ പകർച്ചവ്യാധിയിൽനിന്നും മറ്റു വിപത്തുകളിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും എല്ലാ ഓരോരുത്തരേയും കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നിങ്ങളുടെമേൽ പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ.

(മുനീർ അഹ്മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി)

## തിരുനബിയുടെ തിരുമൊഴികൾ:

**അബൂഹുറയ്റയിൽനിന്ന് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'എനിക്ക് ഉഹുദു മലയോളം സ്വർണമുണ്ടായെങ്കിൽ മൂന്നാം രാവ് പിന്നിടുമ്പോൾ അതിൽനിന്ന് എന്റെ കടബാധ്യത തീർക്കാൻവേണ്ടി മാറ്റിവെച്ചതൊഴികെ ഒരു ദീനാറെങ്കിലും എന്റെ കൈയിൽ അവശേഷിക്കുന്നത് എന്നെ സന്തോഷിപ്പിക്കുകയില്ല.' (മുസ്‌ലിം, ഹദീഥ് 523)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അനസ് ബിൻ മാലിക്കിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ബരീറ തനിക്ക് സ്വദഖയായി കിട്ടിയ മാംസം നബി(സ)തിരുമേനിക്ക് സമ്മാനം നല്കി. അപ്പോൾ അവിടന്ന് പറഞ്ഞു: 'അത് അവൾക്ക് സ്വദഖയും നമുക്ക് സമ്മാനവുമാകുന്നു.' (മുസ്‌ലിം, ഹദീഥ് 517)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം. 2019-(ജൂലായ്)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**(2019 ജൂലായ് 6 ശനിയാഴ്ച)**

ആസ്ട്രിയായിൽ നിന്നു വന്ന ഒരു വനിത: ഏതു രൂപത്തിൽ ജമാഅത്തിന് സേവനം ചെയ്യാൻ കഴിയും?

ഹുദൂർ അൻവർ: ആസ്ട്രിയായിലെ സദ്ർ ലജ്നയോടും മുബല്ലിഗ് ഇൻചാർജിനോടും ബന്ധപ്പെടുക.

ജർമനിയിൽനിന്നു വന്ന ഒരു വനിത പറയുന്നു: ഹുദൂർ വളരെ ഉന്മേഷവാനാണ്. ഈ ശക്തിയുടെ പിന്നിലുള്ള രഹസ്യമെന്താണ്?

ഹുദൂർ അൻവർ: അല്ലാഹുവിന്റെ സഹായം.

ഒരു വനിത: ജൽസാ അവസരത്തിൽ ഒരു പ്രസംഗകൻ ഖിലാഫത്തിന്റെ അനുഗ്രഹം എന്ന വിഷയത്തെ അധികരിച്ചുകൊണ്ട് പറഞ്ഞു: ഒരു വനിത ഹുദൂറിന്റെ അനുഗൃഹീത മുഖം നോക്കിക്കൊണ്ട് മക്കൾക്കു വേണ്ടി ദുആ ചെയ്തു. അല്ലാഹു അവർക്ക് മക്കളെ നല്കി. ഇന്ന് ഞാൻ ഹുദൂറിന്റെ മുഖം നോക്കിക്കൊണ്ട് അല്ലാഹുവിനോടു ഹുദൂറിനെ കാണാൻ അവസരം ലഭിക്കാൻവേണ്ടി ദുആ ചെയ്തു. അല്ലാഹു എനിക്ക് അതും പൂർത്തിയാക്കി തന്നിരിക്കുന്നു. കൂടിക്കാഴ്ചാ പ്രോഗ്രാമിന്റെ ഒടുവിൽ പുതു അഹ്മദി വനിതകൾക്ക് ഹുദൂറിനൊപ്പം ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു. അവർ അപേക്ഷിച്ചപ്പോൾ ഹുദൂർ അവർക്ക് പേനകളും നല്കി.

**പുതു അഹ്മദികളുടെ ഹുദൂറുമൊത്ത് കൂടിക്കാഴ്ച:**

ഈ പരിപാടിയിൽ 22 നവ അഹ്മദി പുരുഷന്മാർ പങ്കെടുത്തു. അറബ്, ജർമൻ, തുർക്കി ദേശക്കാരായിരുന്നു ഇവർ. ഹുദൂർ അൻവർ എല്ലാവരേയും പരിചയപ്പെട്ടു. അവരിൽ ചിലർ ഇന്ന് ബയ്അത്ത് ചെയ്തുവെന്ന് അറിയിച്ചു. അധികപേരും ഹുദൂറിനോട് തങ്ങൾക്കു വേണ്ടിയും കുടുംബത്തിനു വേണ്ടിയും പ്രാർഥിക്കാനും അപേക്ഷിച്ചു.

ഒരു നവ അഹ്മദി: എനിക്ക് കുടുംബത്തോടെ നോർവേയിൽ എത്താൻവേണ്ടി കഴിഞ്ഞ വർഷം ഞാൻ ഹുദൂറിനോട് ദുആക്കപേക്ഷിച്ചിരുന്നു. ഇപ്പോള് അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ കുടുംബാംഗങ്ങളും നോർവേയിലെത്തിയിരിക്കുന്നു.

ഇദ്ദേഹത്തിന്റെ പിതാവ് ഹുദൂറിനോട് നോർവേയില് വരാൻ അപേക്ഷിച്ചു

ഒരു സ്നേഹിതൻ ദോസ്ത് മുഹമ്മദ് സാഖിബ് സാഹിബ്: ഞാൻ സ്വപ്നത്തിൽ ഹുദൂർ ഒരു കുട്ടികളുടെ ക്ലാസിൽ വന്നിരിക്കുന്നതായി കണ്ടു. ഞാനും അവിടെയുണ്ട്. ഹുദൂർ എന്റെ നേരേ നോക്കി എന്നെ വിളിച്ചു. ഹസ്തദാനം ചെയ്യുകയും സ്നേഹം പ്രകടിപ്പിക്കുകയും ചെയ്തു.

ഹുദൂർ അൻവർ: അല്ലാഹു ഈ സ്നേഹത്തെ സ്ഥായിയാക്കുമാറാകട്ടെ.

2019 ജനുവരിയിൽ ബയ്അത്ത് ചെയ്ത ദോസ്ത് മുഹമ്മദ് സബാഅ് സാഹിബ്: എന്റെ പിതാവ് 2008-ൽ സിറിയയിൽവച്ചാണ് ബയ്അത്ത് ചെയതത്. ശേഷം ഒരു സഹോദരൻ ബയ്അത്ത് ചെയ്തു. എന്നാൽ, ഞാൻ മൂന്ന് പ്രാവശ്യം ജൽസയിൽ പങ്കെടുത്തിരുന്നു. ജനങ്ങൾ വികാരഭരിതരായി കരയുന്നതായി ഞാൻ കണ്ടിട്ട് വിസ്മയിച്ചു പോകാറുണ്ടായിരുന്നു. ഇവരെന്തിനാണ് കരയുന്നതെന്ന് ചിന്തിച്ച് ചിരിക്കാറുണ്ടായിരുന്നു. എന്നിട്ടും ഞാൻ എതിരാളിയായി തന്നെ തുടരുകയും ബയ്അത്ത് ചെയ്യാതെ നില്ക്കുകയും ചെയ്തിരുന്നു. പിന്നീട് അല്ലാഹുവിനോടു ദുആ ചെയ്തു. ഈ ജമാഅത്ത് സത്യമാണെങ്കിൽ അല്ലാഹു സ്വയമേവ എനിക്ക് നേർവഴി കണിച്ചു തരാനായി. പിന്നീട് ഞാൻ സ്വപ്നത്തിൽ ഇതു പോലൊരു കൂടിക്കാഴ്ചാ പരിപാടി കണ്ടു. ജനങ്ങൾ ഇരിക്കുകയാണ്. ഞാൻ ആദ്യ നിരയിൽ ഇരിക്കുകയാണ്. എല്ലാവരും നിശബ്ദരാണ്. ഹുദൂർ വന്നു. ഞാൻ അനിയന്ത്രിതമായി കരയാൻ തുടങ്ങി. ഹദൂർ എന്നെ അടുത്ത് വിളിച്ച് സ്നേഹത്തോടെ പറഞ്ഞു:'ഇവിടെ അടുത്തിരിക്കുക. ഒപ്പം ഉറക്കത്തിൽ നിന്ന് ഉണർന്നു. അപ്രകാരം ബയ്അത്ത് ചെയ്യാനായി ഹൃദയം തുറക്കപ്പെട്ടു. അങ്ങനെ ബയ്അത്ത് ചെയ്തു.

ഹുദൂർ! എന്റെ ഉമ്മ ബയ്അത്ത് ചെയ്യാൻവേണ്ടി ദുആക്കപേക്ഷിക്കുന്നു.

ആ യുവാവ് ഹുദൂറിനെ ഹസ്തദാനം ചെയ്യാനുള്ള അനുവാദം ചോദിച്ചു.

ഹുദൂർ അൻവർ: മുലാഖാത്തിനുശേഷം എല്ലാവർക്കും അവസരം കിട്ടും. ശേഷം അദ്ദേഹത്തിന് ഹസ്തദാനം ചെയ്യാനും ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു.

ഒരു സ്നേഹിതൻ: ബയ്അത്തിനുശേഷം എന്റെ എല്ലാ കാര്യങ്ങളും ശരിയായി. കേസും വിജയിച്ചു. താമസിക്കാനുള്ള സൗകര്യവുമായി. ജോലിയും കിട്ടി.

ഒരു ജർമൻ നവ അഹ്മദി: ഞാൻ ബയ്അത്ത് ചെയ്തു. എങ്ങെനെയാണ് എനിക്ക് ആത്മീയതിയിൽ അഭിവൃദ്ധിപ്പെടാൻ കഴിയുക?

ഹുദൂർ അൻവർ: അഞ്ചു നേര നമസ്കാരവും ശ്രദ്ധയോടെ കൃത്യമായി നിർവഹിക്കുക. സൂറ ഫാത്തിഹ കാണാതെ പഠിക്കുക. ശേഷം അതിന്റെ തർജമയും പഠിച്ച് അതിനെക്കുറിച്ച് ഗഹനമായി ചിന്തിച്ച് പാരായണം ചെയ്യുക. മുമ്പേ എനിക്ക് ഹൃദയ വിശാലത ഇല്ലായിരുന്നു. ഇപ്പോൾ വിശാലത കൈവരികയും ഞാൻ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. ഇനി ഞാനിത് മരണംവരെ കാത്തു സൂക്ഷിക്കുന്നതാണ്. ഞാൻ വളരെ മുമ്പേ ബയ്അത്ത് ചെയ്യേണ്ടിയുരുന്നതാണ്.

ഒരു നവഅഹ്മദി: ഹുദൂറിനോടൊപ്പം മജ്ലിസിൽ ഇരിക്കുക എന്നത് ഞങ്ങൾക്ക് വളരെ അഭിമാനമാണ്. ഹുദൂർ അൻവറിന്റെ തിരുസന്നിധിയിൽ ഞാനെന്റെ മാതാവിനു വേണ്ടിയും ദുആക്കപേക്ഷിക്കുന്നു. ഹുദൂറിനെ കാണുമ്പോൾ സലാം എത്തിക്കണമെന്ന് എന്റെ ഉമ്മ പറഞ്ഞിരുന്നു.

നവ അഹ്മദികളുമായുള്ള ഈ കൂടിക്കാഴ്ച 08.15 വരെ നീണ്ടു നിന്നു. തുടർന്ന് എല്ലാവർക്കും ഹുദൂറുമൊത്ത് വ്യക്തിപരമായി ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു.

ശേഷം Karlsruhe യിൽനിന്ന് ഫ്രാങ്ഫർട്ടിലേക്ക് മടങ്ങുന്നതിനു മുന്നോടിയായി ഹുദൂർ ദുആ ചെയ്തു. എല്ലാവരും ഹുദൂറിനൊപ്പം ദുആയിൽ പങ്കെടുത്തു. 08.40-ന് ബയ്ത്തുസ്സബൂഹിലേക്ക് ഹുദൂറും സംഘവും പുറപ്പെട്ടു. ജൽസാ ഗാഹിൽ നിന്നു പുറത്തേക്ക് വരുന്ന ഇരുഭാഗത്തും ആയിരക്കണക്കിന് അഹ്മദീ സ്ത്രീ പുരുഷന്മാരും കുട്ടികളും ഹുദൂറിന് കൈവീശി യാത്രയയപ്പു നല്കി. മുദ്രാവാക്യ ധ്വനികളാൽ അന്തരീക്ഷം മുഖരിതമായി. കുട്ടികൾ യാത്രയയപ്പ് ഗാനങ്ങൾ ആലപിച്ചു. ഒരു മണിക്കൂറും 35 മിനിറ്റ് യാത്രയ്ക്കുശേഷം പത്തേകാലിന് ബയ്ത്തുസ്സുബൂഹിലെത്തിയ ഹുദൂർ അൻവർ 10.30-ന് മഗ്‌രിബ്-ഇശാഅ് നമസ്കാരങ്ങൾ ജംഅ്ആക്കി നമസ്കരിപ്പിച്ചതിനു ശേഷം താമസ സ്ഥലത്തേക്ക് മടങ്ങി.

**നവഅഹ്മദികളുടെ വിശ്വാസ വർധക സംഭവങ്ങൾ:**

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ 37 പേർക്ക് ഹുദൂറിന്റെ അനുഗൃഹീത കരങ്ങളിൽ ബയ്അത്ത് ചെയ്യാൻ ഭാഗ്യം ലഭിച്ചു. 16 വിവിധ സമൂഹങ്ങളിൽ നിന്നുള്ളവരാണ് ഈ വ്യക്തികൾ. ഇവരെല്ലാവരും തങ്ങൾക്ക് ലഭിച്ച സൗഭാഗ്യത്തിൽ വളരെ സന്തോഷത്തിലായിരുന്നു. ചിലർ അവരുടെ വികാരങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു.

★ ഇന്നു ബെയ്അത്ത് ചെയ്ത കൊസോവോ സംഘത്തിലെ അൽബേനിയൻ ഭാഷയുടേയും സാഹിത്യത്തിന്റേയും അധ്യാപകനായ Mr. Skender Asllani പറയുന്നു:

ഇവിടുത്തെ ഒരുക്കളെല്ലാം ഉന്നത നിലവാരം പുലർത്തുന്നതായിരുന്നു. തിരഞ്ഞു നടന്നിട്ടും ഒരു കുറവും കാണാൻ കഴിഞ്ഞില്ല. പ്രഭാഷണങ്ങളുടെ നിലവാരം വളരെ ശ്രേഷ്ഠമായിരുന്നു. ഹുദൂറിന്റെ പ്രഭാഷണം വളരെ സ്വാധീനം ചെലുത്തുന്നതായിരുന്നു. യാത്രയുടെ ക്ഷീണം വിവരണാതീതമായിരുന്നെങ്കിലും ഹുദൂറിനെ കാണുകയും പിന്നിൽ നമസ്കരിക്കുകയും ചെയ്തതോടെ ക്ഷീണത്തിന്റെ ഒരു ലക്ഷണവും ശേഷിച്ചില്ല. ഒരു നീണ്ട ഉറക്കത്തിനുശേഷം ഉണർന്നതു പോലെയുള്ള അനുഭവമായിരുന്നു. ബയ്അത്ത് ചെയ്യുക എന്നത് ഒരു ഉപഹാരമാണ്. അന്റെ മൂല്യം നമ്മൾ കാത്തു സൂക്ഷിക്കേണ്ടതാണ്. കാരണം, ഈ അന്തരീക്ഷത്തിൽ ഒരു കൈയ്ക്കുമേൽ ഒന്നാകുക എന്നത് തന്നെയാണ് വിജയത്തിന്റെ താക്കോൽ.'

കൊസോവോയിലെ ഒരു ഹൈസ്കൂൾ പ്രിൻസിപ്പാളായ Mr.Labinot Rexhad ആദ്യമായാണ് ജൽസയിൽ പങ്കെടുത്തത്. അദ്ദേഹം പറയുന്നു: ജൽസ സാലാന എന്നിൽ ഒരു സവിശേഷ സ്വാധീനം ഇട്ടു. ഹുദൂർ അൻവർ ജൽസാഗാഹിലേക്ക് വന്നപ്പോൾ മുദ്രാവാക്യങ്ങൾ ഉയർന്നു. ഇരിക്കാൻ ഹുദൂർ പറഞ്ഞപ്പോൾ എല്ലാവരും ഒരുമിച്ച് പെട്ടെന്ന് ഇരുന്നുവെന്നതും ലോകത്ത് മറ്റെവിടേയും കാണുക സാധ്യമല്ല. ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ നാനാതുറയിലുള്ള അറിവുകളുടെ സമാഹാരമായിരുന്നു. മനുഷ്യന്റെ ശ്രദ്ധയെ വലിച്ചെടുക്കുന്നതായിരുന്നു. ഈ ജൽസ മൂന്ന് ദിവസമല്ല മുപ്പത് ദിവസം വേണ്ടതാണെന്ന് ഞാൻ പറയും. ജൽസയുടെ ഒരുക്കത്തിൽ ഒരു കുറവും കാണാൻ കഴിയില്ല. അടുത്ത ജൽസയില് പങ്കെടുക്കാൻ എന്റെ മനസ്സ് തുടിച്ചു കൊണ്ടിരിക്കുന്നു. ബയ്അത്ത് ചെയ്യാനെനിക്ക് തീരുമാനം ഉണ്ടായിരുന്നില്ല. എന്നാൽ, സ്വാഭാവികമായും ബയ്അത്ത് പരിപാടിയുടെ സ്വാധീനം സ്വയമേവ എന്റെ കൈ നീട്ടിക്കുകയും ബയ്അത്ത് വാക്യങ്ങൾ ചൊല്ലിക്കുകയുമായിരുന്നു.

★ കൊസോവ ടീമിൽ ആദ്യമായി ജൽസയിൽ പങ്കെടുക്കാൻ അഞ്ചംഗങ്ങളുള്ള കുടുംബത്തോടൊപ്പം വരികയും എല്ലാവർക്കും ബയ്അത്ത് ചെയ്യുവാൻ സൗഭാഗ്യം ലഭിക്കുകയും ചെയ്ത Mr.Afrim Hoxha സാഹിബ് പറയുന്നു:

ആദ്യമെനിക്ക് ബയ്അത്ത് എങ്ങനെയായിരിക്കുമെന്ന ഭയമുണ്ടായിരുന്നു. പരിഭ്രമത്താൽ ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. എന്നാൽ, പ്രിയങ്കരനായ ഹുദൂറിനെ കാണുകയും ബ

യ്അത്ത് ചെയ്യുകയും ചെയ്തപാടെ സമാധാനം അനുഭവപ്പെടുകയും വിറയൽ സ്വയമേവ അവസാനിക്കുകയും ചെയ്തു.

കൊസോവോ ടീമിലുണ്ടായിരുന്ന ജൽസയിൽ ആദ്യമായി പങ്കെടുത്ത Mr Minator Nalokw പറയുന്നു: എന്റെ വികാരങ്ങളും അനുഭവങ്ങളും വാക്കുകളിൽ വിവരിക്കാൻ ഞാൻ അശക്തനാണ്. ഖലീഫത്തുൽ മസീഹിനെ കണ്ടതിന്നുശേഷം ജീവിതം പൂർണമായതായും വിജയപ്രാപ്തനായതായും തോന്നുന്നു. എന്റെ ജീവിതത്തിൽ ലോകരെ കുറിച്ച് വിചാരമുള്ള ഒരു വ്യക്തിയുടെ അന്വേഷണത്തിലായിരുന്നു ഞാൻ. അദ്ദേഹത്തെക്കൊണ്ട് എന്റെ പ്രയാസങ്ങളെല്ലാം പരിഹരിക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നു. ഈ ജൽസയിൽ എനിക്ക് പങ്കെടുക്കാൻ കഴിഞ്ഞത് ദൈവികമായ നടപടിക്രമമായിരുന്നു. ബയ്അത്ത് സമയത്ത് ഞാൻ ദൈവത്തിന് സമീപത്തെത്തിയിരിക്കുന്നു എന്ന തോന്നലാണ് എനിക്കുണ്ടായത്.

★ കിർഗിസ്ഥാനിൽനിന്നു വന്ന സ്വലാഹുദ്ദീൻ സാഹിബ് പറയുന്നു:

എനിക്ക് ജൽസ വളരെ നല്ലതായി തോന്നി. എന്നാൽ, ചോദിക്കാനുള്ള അവസരം ലഭിച്ചില്ല. ജൽസക്കുമുമ്പേ എന്റെ ശരീരത്തിൽ അസഹ്യമായ വേദന ഉണ്ടായിരുന്നു. എന്നാൽ ബയ്അത്തിന് ശേഷം വേദനയുടെ ഒന്നും ബാക്കിയുണ്ടായിരുന്നില്ല.

★ കിർഗിസ്ഥാനിൽനിന്നു വന്ന ഡോക്ടർ Jagyn bek Baer സാഹിബ് പറയുന്നു: ഞാനാഗ്രഹിക്കുന്നതെന്തും എനിക്ക് ഖലീഫത്തുൽ മസീഹിൽ നിന്ന് ലഭിച്ചു. ബയ്അത്തിനിടയിൽ എനിക്ക് വല്ലാത്ത കരച്ചിൽ വന്നു. ഇന്നു ഞാൻ വളരെ പ്രയാസത്തോടെയാണ് എന്നെ തടഞ്ഞുനിറുത്തുന്നത്. എനിക്ക് ഖലീഫത്തുൽ മസീഹിന്റെ കൈകളിൽ തൊടാൻ അവസരം നല്കിയ അല്ലാഹുവിന് ഞാൻ നന്ദി പറയുന്നു. എനിക്ക് ചിറക് മുളച്ചതായും ഞാൻ പറക്കുന്നതായും എനിക്ക് തോന്നി. ജൽസയുടെ ദിനങ്ങൾ എനിക്ക് അസാധാരണ ദിനങ്ങളാണ്.

★ Sevdjan Sulejmanovski സാഹിബ് തന്റെ വികാരങ്ങൾ ഇങ്ങനെ പങ്കുവെച്ചു: ഇന്ന് ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചിരിക്കുന്നു. ഈ ബഹുമതിയിൽ വളരെ സന്തോഷവാനാണ്. ഈ വർഷം വളരെയധികം ജനങ്ങളെ കണ്ടു. ഭക്ഷണവും തമസവും വളരെ നല്ലതായിരുന്നു. ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണങ്ങൾ വളരെ നല്ലതായിരുന്നു. കാരണം ഇസ്‌ലാമിനെ കുറിച്ച് വളരെ നല്ല രീതിയിലാണ് അദ്ദേഹം സംസാരിച്ചത്. പ്രത്യേകിച്ചും ഇസ്‌ലാമിനെ സംബന്ധിച്ച് വളരെ സംക്ഷിപ്തമായ പദങ്ങളിൽ വിശദീകരണം നല്കുന്നു. 2019ലെ ജൽസ വളരെ വിജയപ്രദമായിരുന്നുവെന്ന് ഞാൻ കരുതുന്നു.

★ ഈ ജൽസയിൽ ബയ്അത്തു ചെയ്ത ആസർബൈജാനിൽ നിന്നു വന്ന ആഗാ അസ്ഗർ ദോ സാഹിബ് പറയുന്നു: ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ വ്യക്തിത്വത്തിൽ ആത്മീയതയുടെ ഇത്ര ഉന്നതികൾ എനിക്ക് കാണാൻ കഴിയുമെന്ന് ഞാനൊരിക്കലും വിചാരിച്ചിട്ടു പോലുമില്ല. മുറബ്ബി മഹ്മൂദ് സാഹിബ് എനിക്ക് ജമാഅത്തിനെ സംബന്ധിച്ചും അതിന്റെ വിശ്വാസങ്ങളെ സംബന്ധിച്ചും വിവരങ്ങൾ നല്കാൻ തുടങ്ങിയിട്ടുണ്ട്. എനിക്ക് ഇതെല്ലാം കൃത്രിമവും കളവായും തോന്നി. ഇവ കേട്ടപ്പോൾതന്നെ ഞാൻ നിരാകരിച്ചിരുന്നു.എന്നാൽ, സത്യത്തിന്റെ ശക്തി ഇത്ര പെട്ടെന്ന് അതിലേക്ക് എന്നെ വലിച്ചെടുക്കുമെന്ന് എനിക്ക് അറിയില്ലായിരുന്നു. ദൃഢമായും ജമാഅത്തിന്റെ സത്യവും അത് സമർപ്പിക്കുന്ന തെളിവുകളും സുശക്തമാണ്. വീഡിയോയിലൂടെയുള്ള കാഴ്ചകൾ ഞാനിവിടെ വന്ന് നോക്കുകയുണ്ടായി.. ഹുദൂറിനെ സമീപത്തു കാണുന്നതിന്നുവേണ്ടി ഞാൻ ജുമുഅ നമസ്കാരത്തിന് ആദ്യ സ്വഫിൽത്തന്നെ ഇരുന്നിരുന്നു. ഹുദൂർ വരുന്നതു കണ്ടപ്പോൾ വളരെ ആനന്ദം തോന്നി. ഹുദൂറിന്റെ അനുഗൃഹീത നാവിൽ നിന്നു വിശുദ്ധ ഖുർആനിന്റെ തിലാവത്ത് കേട്ടപ്പോൾ ഈ ആത്മീയാനന്ദം കൂടുതൽ വർധിച്ചു. ഈ ശബ്ദവും ഇതിന്റെ ആത്മീയ സ്വാധീനവും ഹുദൂറിൽ മാത്രം നിലകൊള്ളുന്നതാണെന്ന് തോന്നി. ജൽസയിൽ ധാരാളംപേരെ കാണാൻ അവസരം ലഭിച്ചു. എന്നാൽ ഓരോരരുത്തരേയും കാണുമ്പോൾ ഒരേപോലെയുള്ള സന്തോഷ നിർഭരമായ ആനന്ദമായിരുന്നു പ്രാപ്തമായത്. ഇതൊരു പൂർണ്ണ ജമാഅത്താണെന്നതിന്നുള്ള തെളിവാണിത്. അല്ലാഹു എനിക്ക് ഹുദൂറിന്റെ കൈയിൽ ബയ്അത്ത് ചെയ്യാനുള്ള സൗഭാഗ്യമേകി. ആദ്യം എനിക്ക് ഈ അറിയിപ്പ് കിട്ടിയപ്പോൾ ഉറപ്പ് തോന്നിയില്ല. ഉറപ്പായും ഹുദൂറിന്റെ അനുഗൃഹീത കൈയിൽ എനിക്ക് ബയ്അത്ത് ചെയ്യാൻ കഴിയുമോ എന്ന് ഞാൻ അഞ്ചാറു പ്രാവശ്യം ചോദിച്ചു കൊണ്ടിരുന്നു. എന്റെ കണ്ണുകളിൽനിന്ന് കണ്ണുനീർ പൊന്തിവന്നു. ഒപ്പംതന്നെ ഞാനിതിന്ന് യോഗ്യനാണോ എന്ന വ്യാകുലതയും എന്നെ പിടികൂടി. തുടർന്ന് ഞാൻ ഇസ്തിഗ്ഫാറും സ്വലാത്തും ചൊല്ലാൻ തുടങ്ങി. ബയ്അത്തിന്റെ അവസരം വന്നെത്തുന്നതുവരെ എനിക്ക് ഭക്ഷണം കഴിക്കാൻ തോന്നിയില്ല. മറ്റൊന്നും ചെയ്യാനും കഴിഞ്ഞില്ല. അൽഹംദുലില്ലാഹ്, ബയ്അത്തിന്റെ അവസരം വന്നെത്തി. ഹുദൂറിന്റെ മുഖകമലം കണ്ടപ്പോൾ എനിക്ക് ഹുദൂറിന്റെ കണ്ണോട് എന്റെ കണ്ണ് ചേർക്കാൻ കഴിഞ്ഞില്ല. അല്ലാഹു എനിക്ക് എത്രമാത്രം ശക്തിമത്തായ ആത്മീയാവസരം നല്കിയെന്നാൽ, ഞാൻ ബയ്അത്തിനുശേഷം സുജൂദിലേക്ക് വീണു. ഇത്ര പരിശുദ്ധനായ വ്യക്തിയുടെ കൈകളിൽ എന്നെപോലുള്ള പാപിയായ ഒരാൾക്ക് ബയ്അത്ത് ചെയ്യാൻ അവസരം ഏകിയതിൽ ഞാൻ അല്ലാഹുവിന് നന്ദി പറഞ്ഞു. ജൽസക്കുശേഷം ഹുദൂറുമൊത്ത് കാണാനുള്ള ഒരവസരം ഞങ്ങൾക്കു കിട്ടുമെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. ഞാൻ ദിവസം മുഴുവനും പല ചോദ്യങ്ങളും ഓർത്തു കൊണ്ടിരുന്നു. ബയ്അത്ത് വേളയിൽ എനിക്ക് കാണാൻ സാധിച്ച അതേ മുഖം ഇത്ര പെട്ടെന്ന് വീണ്ടും കാണാൻ സാധിക്കുമല്ലോ എന്ന കാര്യം മനസ്സിൽ തികട്ടി വന്നു കൊണ്ടിരുന്നു. കൂടിക്കാഴ്ചാ സമയം ആഗതമായപ്പോൾ ഞാൻ ഓർത്തു വെച്ച എല്ലാ ചോദ്യങ്ങളും മറന്നു പോയി. കേവലം എന്നെ ഏറ്റവും വ്യാകുല ചിന്തയിലാക്കിയ ചോദ്യം മാത്രം ബാക്കിയായി. ജൽസക്കുശേഷം രാജ്യത്തേക്ക് മടങ്ങുമ്പോൾ ആത്മീയതയുടെ ഈ നിലവാരം ബാക്കിയാകുമോ അഥവാ എങ്ങനെ നിലനിറുത്താൻ കഴിയും എന്നതായിരുന്നു ആ ചോദ്യം. ഹുദൂറിന്റെ മറുപടി എനിക്ക് പൂർണ്ണ സംതൃപ്തി നല്കി. **ഇഹ്ദിനസ്സ്വിറാത്വൽമുസ്തഖീം സ്വിറാത്വല്ലദീന അൻഅംത അലയ്ഹിം**, ഇസ്തിഗ്ഫാറും ഇതിന്നുള്ള പരിഹാരമാണ്. ഈ ഉപദേശമനുസരിച്ച് അടുത്ത ജൽസവരെ പ്രവർത്തിക്കുമെന്ന് ഇവിടെ നിന്നു പ്രതിജ്ഞ ചെയ്തിട്ടാണ് ഞാൻ പോകുന്നത്. അടുത്ത ജൽസയിൽ ഞാനിവിടെ വന്ന് ഹുദൂറിനോട് ഞാനത് പറയും.

★ ആസ്ട്രിയായിൽനിന്നു വന്ന ഒരതിഥി ഫാത്വിമ സാമിറു ലബാദീദി സാഹിബ എഴുതുന്നു: ഞാൻ ജർമൻ ജൽസാ അവസരത്തിൽ ജൂലായ് 07-നാണ് ബയ്അത്ത് ചെയ്തത്. എന്റെ ബയ്അത്ത് അനുഗൃഹീതമാകാനും എന്റെ ഒരു തെറ്റും ഈ ബയ്അത്തിന്റെ പ്രതിജ്ഞയെ ഉടച്ചു കളയാതിരിക്കാനും ഞാൻ ഹുദൂറിനോട് ദുആക്കപേക്ഷിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ ഇസ്‌ലാം മതതത്വജ്ഞാനം എന്ന ഗ്രന്ഥത്തിൽ സൂചിപ്പിച്ച മാറ്റങ്ങൾ എന്നിലും ഉണ്ടായി വരാൻ അല്ലാഹു തുണയ്ക്കുമാറാകട്ടെ. ഞാൻ 2011 മുതലേ കുടുംബത്തോടൊപ്പം അഹ്മദിയാണ്. രണ്ടു മാസം കഴിയുമ്പോൾ എനിക്ക് 18 വയസാകും. ബയ്അത്ത് ചെയ്യണമെന്ന് ചെറുപ്പത്തിലേ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. 2011 മുതൽ ഞാൻ ബയ്അത്ത് ഫോറം ഞാൻതന്നെ സമർപ്പിക്കുന്നതിനും ഹുദൂറിന്റെ കൈയിൽ നേരിട്ട് ബയ്അത്ത് ചെയ്യുന്നതിനും സൂക്ഷിച്ച് വെച്ചിരിക്കുകയായിരുന്നു. ഞാൻ പങ്കെടുക്കുന്ന മൂന്നാമത്തെ ജൽസയാണിത്. എനിക്ക് തർജമ സെക്ഷനിലും അറബ് അഹ്മദികൾക്ക് തബ്ലീഗ് എത്തിക്കുന്ന വകുപ്പിലുമായിരുന്നു ഡ്യൂട്ടി. എന്റെ ശബ്ദം നിലച്ചു പോകുവോളം തബ്ലീഗ് ചെയ്യാൻ എനിക്ക് അവസരം ലഭിച്ചു. ഞാനൊരു പ്രകാശമയമായ വഴിയിലാണ് സഞ്ചരിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നു. ഇതെല്ലാം ഹുദൂർ അൻവറിന്റെ അനുഗൃഹീത ഖിലാഫത്തിന്റെ നിഴൽ കാരണത്താലാണ്. നമ്മുടേയും അല്ലാഹുവിന്റേയുമിടയിൽ ഒരു മനോഹരമായ ബന്ധം ഉണ്ടാക്കിയ അല്ലാഹുവിന് നന്ദി.

ഒരു കുർദിസ്താൻ പെൺകുട്ടി പറയുന്നു: ഏതാനും വർഷങ്ങൾക്കു മുമ്പേ എന്റെ ഉമ്മ ബയ്അത്ത് ചെയ്തു. എന്നാലന്ന് ഞാനതിന് തയ്യാറല്ലായിരുന്നു. കഴിഞ്ഞ ഏതാനും മാസങ്ങളായി എന്റെ മനസ്സ് തുറന്നിരിക്കുന്നു. കാരണം ഞാൻ അഹ്മദികളിൽ പ്രത്യക്ഷമായ സ്നേഹം കണ്ടിരിക്കുന്നു. ഇന്ന് ഹുദൂറിനെ കാണുകയും ഹുദൂറിന്റെ വാക്കുകൾ കേൾക്കുകയും ചെയ്തതോടെ എന്റെ എല്ലാ ആശങ്കകളും നീങ്ങിപ്പോയി. കഴിഞ്ഞ വർഷവും ഞാൻ വന്നിരുന്നു. എന്നാലിന്നുള്ള അവസ്ഥ അന്ന് എനിക്കില്ലായിരുന്നു. എനിക്ക് ഹുദൂറിന്റെ വ്യക്തിത്വത്തിൽനിന്നു പ്രകാശം സ്ഫുരിക്കുന്നതായി തോന്നി. എനിക്ക് അഹ്മദിയാകണമെന്ന തോന്നൽ ശക്തമായ നിലയിൽ ഉണ്ടായിരിക്കുന്നതുകൊണ്ട് എന്റെ ഉമ്മ വളരെയേറെ സന്തോഷിക്കുന്നതായിരിക്കും. (ബദ്ർ ഉർദു, സെപ്റ്റംബർ–26, ഒക്ടോബർ–03,2019) **(തുടരും)**


**The Weekly BADR Qadian (Malayalam)**

*https://www.akhbarbadrqadian.in/*


നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ · Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 28 January 2021 Issue-4

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**(പേജ് 2ൽനിന്ന്)**

കഴിയുന്നില്ലെന്നും അവരുടെ പട്ടിണി ഗൗനിക്കാനാകുന്നില്ലെന്നും ഇസ്‌ലാംമതമുപേക്ഷിച്ച് ക്രിസ്ത്യാനികളായവർ കണ്ടപ്പോൾ ഇരകളെ അന്വേഷിച്ച് പാതിരിമാരുടെ അടുക്കലേക്ക് ഓടി.'(നൂറുൽഹഖ്, റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 45)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അവരെ ദുൻയാവിന്റേയും ആഖിറത്തിന്റേയും ചിന്ത സ്പർശിച്ചതുപോലുമില്ല. ഇസ്‌ലാംമതത്തിൽനിന്ന് വിട്ടുപോകാനുള്ള അവരുടെ വലിയ കാരണം വിഡ്ഢിത്തത്തിന്റെ ആധിക്യവും ചിന്താക്കുറവുമാണ്. ഇതൊക്കെയായിട്ടും അവരിൽ ഭൂരിഭാഗമാളുകളും ഇസ്‌ലാംമതം ഉപേക്ഷിച്ചുപോകാൻ കാരണം വിശപ്പിന്റെ അഗ്നി ആളിക്കത്തിയതാണ്. രാത്രിയുടെ ഭക്ഷണത്തിനുവേണ്ടിയുള്ള അസ്വസ്ഥതയാണ്. നല്ല നല്ല ഭക്ഷണങ്ങളോടുള്ള ആർത്തിയും മദ്യത്തോടുള്ള ആസക്തിയും മെലിഞ്ഞ് സുന്ദരമായ ശരീരമുള്ള സ്ത്രീകളോടുള്ള താൽപര്യവും സന്തോഷത്തിന്റെ തീവ്രമായ അഭിലാഷവും രാവിലെ മെലിഞ്ഞ ശരീരമുള്ള സ്ത്രീകളെ കാണാൻ പോകലും പാട്ടുപാടുന്ന സ്ത്രീകളുമായുള്ള കൂടിക്കുഴയിലും അപ്രകാരംതന്നെ മറ്റു ചീത്ത ശീലങ്ങളുമാണ്. അതിനാൽ അവർ ഇക്കാരണത്താൽ അത്യാർത്തി നിറഞ്ഞ മനസ്സുമായി ലോകത്തിനുമേൽ വീണു; പഴുപ്പിന്റേയും മൂക്കട്ടയുടേയുംമേൽ ഈച്ചകൾ വീഴുന്നതുപോലെ. അവർ മരണാനന്തരാവസ്ഥയെ കുറിച്ച് തികച്ചും അശ്രദ്ധരാണ്. മദ്യം കുടിക്കുകയും ഹാവഭാവത്തോടുകൂടി നിലത്തിഴയുന്ന വസ്ത്രങ്ങൾ ധരിക്കുകയും മൈദയുടെ റൊട്ടി കഴിക്കുകയും മദ്യത്തിന്റെ പാത്രത്തോടുകൂടി വയറിന്റെ തോൽസഞ്ചി നിറയ്ക്കുകയും പരിശുദ്ധന്മാരെ നിന്ദിക്കുകയും ചെയ്യുക എന്നതല്ലാതെ മറ്റു ജോലികളൊന്നും അവർക്കില്ല. മദ്യം അവർക്ക് സുഖം പകരുന്ന സുഹൃത്തായും അർധരാത്രിയുള്ള മദ്യപാനം അവരുടെ ഇഷ്ടപ്പെട്ട കൂട്ടുകാരനായും വയർ അവരുടെ മതമായും ഞാൻ കാണുന്നു. അവർ അല്ലാഹുവിന്റെ മാഹാത്മ്യങ്ങളെ തന്റേടത്തോടെ മറന്നുകളഞ്ഞു.'(നൂറുൽഹഖ്, റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 48)

**ധനത്തിന്റേയും സുഖകരമായ ജീവിതത്തിന്റേയും ആഗ്രഹം**

അവർ ഇസ്‌ലാമുപേക്ഷിച്ചു പോയതിന്റെ കാരണം വിവരിച്ചുകൊണ്ട് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ദുഃഖിപ്പിക്കുന്നതിൽ ആർത്തിയുള്ളവരും ദ്രോഹിക്കുന്നതിൽ താൽപര്യമുള്ളവരുമായി നാം നിങ്ങളെ കാണുന്നു. നിങ്ങൾ നല്ലവരെ ചീത്തകൾ പറയുന്നു. പുണ്യാത്മാക്കളുടെമേൽ ശാപം ചൊരിയുന്നു. നിങ്ങളുടെ അഭിമാനത്തോടെയുള്ള നടപ്പിൽ അഹങ്കാരം നിറഞ്ഞിരിക്കുകയാണ്. നിങ്ങൾ കളിവിനോദങ്ങളിൽ വീണുകൊണ്ടുപോകുന്നു. ക്രിസ്ത്യാനിയായതുകൊണ്ടുള്ള നിങ്ങളുടെ ഉദ്ദേശ്യം നിങ്ങളുടെ കാലിത്തൊഴുത്തുകളിൽ കുതിരകളുണ്ടാകണമെന്നും അസൂയാർഹമായ സമ്പത്ത് നിങ്ങൾക്ക് ലഭിക്കണമെന്നും വിലപിടിച്ച വസ്ത്രങ്ങൾ നിലത്തിഴച്ച് നടക്കണമെന്നും ഉപജീവന ചിന്തയിൽനിന്ന് മുക്തി ലഭിക്കണമെന്നും നിങ്ങളുടെ മനസ്സാഗ്രഹിക്കുന്ന സർവവസ്തുക്കളും ലഭിക്കണമെന്നും അവയിൽനിന്ന് നിങ്ങളുടെ കണ്ണുകൾക്ക് ആനന്ദം കരസ്ഥമാകണമെന്നും സ്വന്തം ഇഷ്ടപ്പെട്ട പഴം തിരഞ്ഞെടുത്ത് തിന്നണമെന്നുമാണ്.'(നൂറുൽഹഖ്, റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 122)

**യിമാദുദ്ദീൻ എങ്ങനെയുള്ള ആളായിരുന്നു?**

യിമാദുദ്ദീൻ ഒരു വ്യാജനും വഞ്ചകനും കലഹക്കാരനുമായിരുന്നു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവാണ! ഈയാൾ തികച്ചും അജ്ഞനും അറബിഭാഷ തീണ്ടിയിട്ടില്ലാത്ത ആളുമാണ്. വാചകമടിയല്ലാതെ അതിലൊട്ടും ശ്രേഷ്ഠതയില്ല. അതുകൊണ്ടുതന്നെ അയാളുടെ ഗ്രന്ഥങ്ങളിൽ അസംഭ്യങ്ങളും പുലമ്പലുകളുമല്ലാതെ ഒന്നുംതന്നെയില്ല. സത്യത്തെ മറച്ചുവെക്കാനും അതിൽ എന്തെങ്കിലും കുറവു സ്ഥാപിക്കാനും അയാളെക്കൊണ്ടാവില്ല. അതിനാലാണ് അയാൾ വിവശനായി ശത്രുക്കളെപ്പോലെ നിന്ദിക്കുന്നതിലേക്ക് ഓടിയത്. അയാളുടെ പ്രകോപനപരമായ ഗ്രന്ഥങ്ങളെപ്പോലുള്ള ഒരു ഗ്രന്ഥവും നാം വായിച്ചിട്ടില്ല. അയാളുടെ കളവിനെക്കാൾ വലിയൊരു കളവും കണ്ടിട്ടുമില്ല. അയാൾ പറയുന്നതുപോലുള്ള തെറികളും കേട്ടിട്ടില്ല. അയാളുടെ വഞ്ചനപ്പോലുള്ള വഞ്ചനയും കണ്ടിട്ടില്ല. അയാളുടെ കുഴപ്പങ്ങളിൽനിന്ന് നാം അല്ലാഹുവിൽ അഭയം തേടുന്നു. അവനാണ് ഏറ്റവും വലിയ സഹായി. അയാളുടെ ബലാകളിൽനിന്ന് നാം അവന്റെ അഭയം തേടുന്നു. അയാളുടെ ദോഷങ്ങളെക്കുറിച്ചുള്ള പരാതി അവനിലേക്ക് കൊണ്ടുപോകുന്നു. അയാൾ എന്തെങ്കിലും ദുഷ്ക്കീർത്തികൂടാതെ തന്റെ വഴികേടിൽനിന്ന് പിന്തിരിയുന്നത് നാം കാണുന്നില്ല. കുഴപ്പക്കാരുടെ സ്വഭാവം ഇതുതന്നെയാണ്.'(നൂറുൽഹഖ്, റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 138)

അടുത്ത ലക്കത്തിൽ ഞങ്ങൾ ഇൻശാ അല്ലാഹ് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സമ്മാനം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളിയെ കുറിച്ച് പറയുന്നതാണ്. അതിൽ അവിടന്ന്(റ) യിമാദുദ്ദീന് 'നൂറുൽഹഖിന്' സമാനമായ ഗ്രന്ഥം കൊണ്ടുവന്നാൽ 5000 രൂപ ഇനാം പ്രഖ്യാപിച്ചിരിക്കുന്നു.

**(മൻസ്വൂർ അഹ്മദ് മസ്റൂർ)**




## ബദ്ർ ആഴ്ചപ്പതിപ്പ് സ്വയം വായിക്കുക; തങ്ങളുടെ സുഹൃത്തുക്കൾക്കുവേണ്ടി വരിക്കാരാകുക.

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് ബദ്ർ ആഴ്ചപ്പതിപ്പിന്റെ സ്പെഷ്യൽ പതിപ്പിലേക്ക് സന്ദേശം അയച്ചുകൊണ്ട് പറഞ്ഞു: ജമാഅത്തംഗങ്ങളുടെ ആത്മീയ പരിഷ്കരണത്തിനും അഭിവൃദ്ധിക്കുംവേണ്ടിയാണ് ബദ്ർ ആഴ്ചപ്പതിപ്പ് ആരംഭിച്ചിട്ടുള്ളതെന്ന് അതിന്റെ പ്രവർത്തകരും വായനക്കാരും എപ്പോഴും ഓർക്കേണ്ടതാണ്. നമ്മുടെ പൂർവിക മഹാത്മാക്കൾ പ്രതികൂലാവസ്ഥയിലും അത് തുടർന്നുകൊണ്ടുവരാൻ ആത്മാർഥമായി ശ്രമിച്ചു. അവരുടെ ദുആകളുടേയും തെളിമയാർന്ന ശ്രമങ്ങളുടേയും അനുഗ്രഹത്താൽ ഇന്നുവരെ അത് നടന്നുവരുന്നു. ഇക്കാര്യം വിളിച്ചോതുന്നത് ഏറ്റവും കൂടുതൽ അഹ്മദികൾ അത് വായിക്കണമെന്നും പ്രയോജനപ്പെടുത്തണമെന്നുമാണ്. അല്ലാഹു അവന്റെ കൃപകൊണ്ട് ഭാരതത്തിലെ അഹ്മദികൾക്ക് മറ്റു ലോകഅഹ്മദികളെ അപേക്ഷിച്ച് പ്രത്യേകമായും ഇത് വായിക്കാനും ഇതുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കാനും സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ (അയ്യദഹുല്ലാഹ്) സുപ്രധാനവും ഉൾക്കാഴ്ചാഭരിതവുമായ മേൽനിർദേശത്തിന്റെ വെളിച്ചത്തിൽ, ഓരോ വീട്ടിലും ബദ്ർ ആഴ്ചപ്പതിപ്പിന്റെ വായന നടപ്പിൽ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഭാരതത്തിലെ ജമാഅത്തംഗങ്ങളെ ഓർമിപ്പിക്കുകയാണ്. ഇതിൽ വിശുദ്ധഖുർആൻ, തിരുഹദീഥ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദ്ദേശങ്ങൾക്കു പുറമെ ഖലീഫത്തുൽ മസീഹിന്റെ ജുമുഅ ഖുത്വ്ബകളും പ്രഭാഷണങ്ങളും അതുപോലെതന്നെ അവിടന്ന് വിവിധരാജ്യങ്ങളിൽ നടത്തുന്ന പര്യടനങ്ങളുടെ ഹൃദ്യ വും ഈമാൻ ദൃഢീകരിക്കുന്നതുമായ റിപ്പോർട്ടുകളും കൃത്യമായി പ്രസിദ്ധീകരിച്ചുവരുന്നു. ഇതു വായിക്കേണ്ടത് ഓരോ അഹ്മദിക്കും നിർബന്ധമാണ്. ദൈവകൃപയാൽ ഇപ്പോൾ ഈ ആഴ്ചപ്പ തിപ്പ് ഹിന്ദി, ബംഗ്ല, തമിൾ, തെലുങ്ക്, മലയാളം, ഒഡിയ ഭാഷകളിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഇതുവരെ വരിക്കാരായിട്ടില്ലാത്ത അഹ്മദികൾ, വരിക്കാരാകുകയും സ്വയം വായിക്കുകയും കുട്ടികളേ യും വീട്ടിലെ മറ്റുള്ളവരേയും വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്. ബദ്ർ ആഴ്ചപ്പതിപ്പ് ലഭ്യമാകുന്നതിനേയും വരിസംഖ്യ നല്കുന്നതിനേയും സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. +911872224757, +919417020616, managerbadrqnd@gmail.com

### തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. അദ്ദേഹം പറഞ്ഞു:ആരെങ്കിലും ഭക്ഷണം കൊണ്ടുവന്നാൽ നബി(സ)തിരുമേനി അതേപറ്റി അന്വേഷിക്കുമായിരുന്നു. അപ്പോൾ സമ്മാനമാണെന്ന് പറഞ്ഞാൽ അതിൽനിന്ന് ഭക്ഷിക്കും. എന്നാൽ, സ്വദഖയാണെന്ന് പറഞ്ഞാൽ അതിൽനിന്ന് അവിടന്ന് ഭക്ഷിക്കുകയുമില്ല.'**

**(മുസ്‌ലിം, ഹദീഥ് 519)**

**ത്വാലിബെ ദുആ**
**P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin